IV. LEGISLATIVE BUSINESS

(i) THE KERALA LAND REFORMS (AMENDMENT) BILL, 1968—(*contd.*)

Clause 63

Revenue Minister **(Smt. K. R. Gouri):** Sir, I move:

(No. 356) In clause 63,—

(1) in section 80 A proposed to be inserted,—

(*a*) for the word "appurtenant", wherever it occurs, the word "adjoining" shall be substituted;

(*b*) in sub-section (2), for the words "tenant in possession", the word "tenant" shall be substituted and for the words "three years", the words "two years" shall be substituted;

(*c*) for sub-section (4), the following sub-section shall be substituted, namely:—

"(4) Notwithstanding anything contained in sub-section (3), where in the lands held by a person, either as owner or as tenant, there are more kudikidappukars than one, the maximum extent of land which is liable to be purchased under this section shall be—

(*a*) where such person holds less than one acre of land, three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township;

(*b*) where such person holds one acre or more, but less than two acres, of land, six cents in a city or major municipality or ten cents in any other municipality or twenty cents in a panchayat area or township;

(*c*) where such person holds two acres or more, but less than three acres, of land, nine cents in a city or major municipality or fifteen cents in any other municipality or thirty cents in a panchayat area or township;

(*d*) where such person holds three acres or more, but less than four acres, of land, twelve cents in a city or major municipality or twenty cents in any other municipality or forty cents in a panchayat area or township;

(*e*) where such person holds four acres or more, but less than five acres, of land, fifteen cents in a city or major municipality or twenty-five cents in any other municipality or fifty cents in a panchayat area or township;

Provided that the extent of land which a kudikidappukaran shall be entitled to purchase shall, in no case, exceed the extent specified in sub-section (3):

LIBRARY ARCHIVES Kerala Legislative Assembly

Provided further that if in any case falling under clause (b) or clause (c) or clause (d) or clause (e), the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran";

(*d*) in sub-section (5), the words "in possession" shall be omitted;

(*e*) for sub-section (6), the following sub-section shall be substituted, namely:—

"(6) No kudikidappukaran shall be entitled to purchase any land which is not in the lawful possession of the person who holds the land in which the kudikidappu is situate or which is not within the boundaries of such land.";

(*f*) to sub-section (7), the following proviso and Explanation shall be added, namely:—

"Provided that where the person in possession of the land in which the kudikidappu is situate or, where he is a member of a family, such family holds lands in excess of the ceiling area, the purchase price payable by the kudikidappukaran shall be one-half of the purchase price payable under this sub-section.

Explanation.—The provisions of section 82 shall, so far as may be, apply to the calculation of the ceiling area for the purposes of the foregoing proviso, and if no date has been notified under sub-section (1) of section 83, the date of application under sub-section (1) of section 80 B shall be deemed to be the date notified under sub-section (1) of section 83.";

(*g*) for sub-section (9), the following sub-section shall be substituted, namely:—

"(9) Where the kudikidappukaran applies under sub-section (1) of section 80 B for purchase of his kudikidappu and the Land Tribunal, on application, within such time as may be prescribed, by the person in possession of the land in which the kudikidappu is situate, is satisfied that the portion to be purchased is so located as to cause inconvenience to him, the Land Tribunal may require the kudikidappukaran to purchase another portion of that land.";

(*h*) in sub-section (12), in clause (a), the words "in possession" shall be omitted;

(2) in section 80 B proposed to be substituted, in sub-section (1), for the word "appurtenant", the word "adjoining" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

Sir, I also move the following amendments:—

In clause 63 [In section 80 C (1) of the principal Act, proposed to be inserted by the clause] the words "allowing the application for purchase" between the words "section 80 B" and "has become final" shall be deleted.

In clause 63 (In section 80 C of the Principal Act, proposed to be inserted by the clause) after sub section (3), the following sub-section shall be inserted, namely:

"(3A) After the issue of the certificate of purchase in respect of any land under sub-section (3) the Land Tribunal may, on application by the kudikidappukaran, put him in possession of that land, if need be by removing any person who refuses to vacate the same."

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി അംഗീകരിച്ചാലും കഴിഞ്ഞദിവസം ഞാൻ പറഞ്ഞ അപകടങ്ങളും വൈഷമ്യങ്ങളും ഉണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെതന്നെ (എ) യിൽ 3 സെൻറായി റെസ്ട്രിക്ട് ചെയ്യുമ്പോൾ അഞ്ചാറു കുടികിടപ്പുകാരുണ്ടെങ്കിൽ അതിൽ ആർക്കു പട്ടയം കൊടുക്കാൻ സാധിക്കും? ആർക്കു പർച്ചേസ് ചെയ്യാനൊക്കും? ആകെ പർച്ചേസ് ചെയ്യാവുന്നത് 3 സെൻറായി റെസ്ട്രിക്ട് ചെയ്തിരിക്കുകയാണ്. 5 കുടികിടപ്പുകാരുണ്ടെങ്കിൽ 5 പേർക്കും തുല്യമായി കൊടുക്കണമെന്നാണോ അതോ ഒരാൾക്ക് പർച്ചേസ് ചെയ്യണമെന്നാണോ? ഒരാൾക്കുമാത്രം കൊടുത്താൽ ബാക്കിയുള്ളവരുടെ നില എന്താകും? ഈ കാര്യങ്ങളൊക്കെ നോക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഇതിൽ 5 സെൻറുവീതം വർദ്ധിപ്പിച്ചിട്ടുള്ളതല്ലാതെ ബി, സി; ഡി, ഇ. ഈ ക്ലോസുകളനുസരിച്ച് മാക്സിമം വരുന്നത് പഴയ സെൻറാണ്. അങ്ങനെ വരുമ്പോൾ ഞാൻ ആദ്യം പറഞ്ഞതുപോലെ എല്ലാവർക്കും ഒരേ രീതിയിലുള്ള അവകാശം കിട്ടുകയില്ല. ചിലയിടത്ത് ഒരു കുടികിടപ്പുകാരനേ ഉള്ളുവെങ്കിൽ അയാൾക്ക് 10 സെൻറ് കിട്ടും. പക്ഷേ ഒന്നിൽക്കൂടുതലാണെങ്കിൽ കിട്ടുന്ന സെൻറ് കുറവായിരിക്കും. ഈ അപകടം ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽ, കുടികിടപ്പുകാരൻ ഒരു ലാഫും പൊസഷനിലുള്ള ആളിന്റെ കീഴിൽ കുടികിടക്കുന്നു എന്നേയുള്ളൂ. ലാഫും പൊസഷൻ എന്നു പറയുമ്പോൾ ടെനൻറ്സ് പൊസഷനും ആകാം. ടെനൻറ്സ് പൊസഷൻ എന്നു പറഞ്ഞാൽ രേഖയുള്ള ടെനൻറ്സിനെ മാത്രമല്ല ഉൾപ്പെടുത്തിയിരിക്കുന്നത്; രേഖയില്ലാത്ത കൃഷിക്കാരും ആകാം. ഒരു കുടികിടപ്പുകാരൻ അപേക്ഷ കൊടുത്താൽ അയാൾ പാട്ടക്കാരനാണോ അല്ലയോ എന്നു തെളിയിക്കാൻ പ്രമാണങ്ങളൊന്നുമില്ലാത്ത സ്ഥിതിക്ക് 1957 മുതൽ ഈ പറയുന്ന രാമൻ കൃഷ്ണൻ പാട്ടക്കാരനായിരുന്നു എന്നാണ്. He will be deemed to be in possession from the person who is in lawful possession. 1 ഏക്കർ എന്ന് റെസ്ട്രിക്ട് ചെയ്താൽ ഇതിൽപറയുന്ന സംരക്ഷണമൊന്നും കിട്ടുകയില്ല. ഒന്നിൽക്കൂടുതൽ കുടികിടപ്പുകാരുടെ കാര്യമാണ് ഇത്. അതുപോലെതന്നെ ഹോൾഡിംഗിന്റെ കീഴിലല്ല കുടികിടപ്പുള്ളത്. ഹോൾഡിംഗാണെങ്കിൽ ആകെയുള്ള പ്രോപ്പർറ്റീസ് വരും. ഇത് കുടികിടക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളമേയുള്ളൂ. ഒന്നിൽക്കൂടുതൽ കുടിയാൻമാർ കുടികിടക്കുന്ന സ്ഥലത്തുമാത്രമേ ഞാൻ ആദ്യം പറഞ്ഞ പ്രശ്നം വരിക

LIBRARY ARCHIVES Kerala Legislative Assembly

യുള്ളു. 5 ഏക്കർ പുരയിടത്തിൽ പത്തോ പതിനഞ്ചോ കുടികിടപ്പുകാരുണ്ടെങ്കിൽ അവർക്ക് റെസ്ട്രിക്ട് ചെയ്യുന്നതിന് നിയമപരമായ എല്ലാ പഴുതുമുണ്ട്. ആ കുടികിടപ്പുകാരെ മുഴുവൻ ഒരേക്കറിലെ കുടികിടപ്പുകാരായി അവർക്കു റെസ്ട്രിക്ട് ചെയ്തുകൊണ്ടുവരുന്നതിനു സാദ്ധ്യതയുണ്ട്. കാരണം അമെൻറു ചെയ്തിരിക്കുന്ന ക്ലാസിലും റോൾഡിംഗ് സീനെറ കാര്യമല്ല പറഞ്ഞിരിക്കുന്നത്. എല്ലാ കുടികിടപ്പുകാരെയും ഒരേ രീതിയിൽ പരിഗണിച്ചുകൊണ്ട് എല്ലാവർക്കും ഒരേ രീതിയിലുള്ള സംരക്ഷണം കൊടുക്കണം. കോമ്പൻസേഷനുവേണ്ടി റീഹാബിലിറേഷൻ ഫണ്ടിൽനിന്ന് രൂപയെടുത്താലും തരക്കേടൊന്നുമില്ല. അതുകൊണ്ട് എനെറ ഭേദഗതി അംഗീകരിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയും ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയും ഭാഗികമായി അല്ലാതെ അതേപടി സ്വീകരിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ഉണ്ടാക്കാവുന്ന വൈഷമ്യങ്ങൾ ശ്രീ. ചന്ദ്രശേഖരൻനായർതന്നെ സൂചിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. കുടികിടപ്പുകാരനെ രണ്ടായിക്കാണുന്ന രീതിയിലുള്ള ആ ഭേദഗതി സ്വീകരിക്കാൻ പാടില്ല. കുടികിടപ്പുകാരനു പർച്ചേസ് റൈറ് കൊടുക്കാനാണ് ഗവൺമെൻറു തീരുമാനിക്കുന്നതെങ്കിൽ, മേജർ മുനിസിപ്പാലിറ്റിയിൽ 3 സെൻറ് എന്നും മറ്റു മുനിസിപ്പാലിറ്റികളിൽ 5 സെൻറെന്നും പഞ്ചായത്തുകളിൽ 10 സെൻറെന്നും ഉള്ള നിരക്കിൽ കൊടുക്കാനാണുദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും കേരളത്തിലുള്ള എല്ലാ കുടികിടപ്പുകാർക്കും കിട്ടത്തക്ക സാഹചര്യമുണ്ടാകണം. അല്ലാതെ കുടികിടപ്പുകാരെ രണ്ടായി തരംതിരിക്കുന്ന മന്ത്രിയുടെ ഭേദഗതി പാടില്ല. മിനിമം 3 സെൻറാണ് വച്ചിട്ടുള്ളത്. പരമാവധി പർച്ചേസ് ചെയ്യാവുന്ന പരിധി വച്ചിരിക്കുന്നത് 50 സെൻറാണ്. ഈ പറയുന്ന രീതിയിൽ പർച്ചേസ് ചെയ്യാനുള്ളതിൽ കൂടുതൽ അവകാശപ്പെട്ട ആളുകളുണ്ടെങ്കിൽ മിനിമം 3 സെൻറു ഉറപ്പു നൽകുന്ന വകുപ്പുണ്ട്. എന്നാൽ ഇതിൽ (എ) അനുസരിച്ച് എന്തുചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

"where such person holds less than two acres of land, three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township."

ഏറ്റവും ചുരുങ്ങിയത് 3 സെൻറ് പർച്ചേസ് ചെയ്യാമെന്നു പറഞ്ഞിരിക്കെ (എ) വകുപ്പിനെ സംബന്ധിച്ചിടത്തോളം അതു വിട്ടുകളഞ്ഞിരിക്കുകയാണ്. ഒരേക്കറിൽത്താഴെ ഉടമാവകാശമുള്ള ഭൂവുടമയുടെ കീഴിൽ താമസിക്കുന്നവർക്ക് ഈ മൂന്നു സെൻറ് നിഷേധിച്ചിരിക്കുകയാണ്. അങ്ങനെയുള്ള നാലഞ്ചു കുടികിടപ്പുകാരുണ്ടെങ്കിൽ എന്തുചെയ്യും? ഭാഗിച്ചുകൊടുക്കാൻ നിവൃത്തിയില്ല. മിനിമം പർച്ചേസ് അവകാശം അവർക്കു കൊടുത്തിട്ടില്ല. അതിൽ ഏതു കുടികിടപ്പുകാരനായിരിക്കും പർച്ചേസുചെയ്യാനവകാശം കിട്ടുന്ന ഭാഗ്യവാൻ? എന്തുചെയ്യാനെന്നറിയാൻപാടില്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ടാകത്തക്കവിധം അശാസ്ത്രീയമായ വിധത്തിൽ എഴുതിവച്ചിട്ടുള്ളതല്ലേ എന്നു ഞാൻ സംശയിക്കുകയാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയിലെ, എല്ലാ കുടികിടപ്പുകാർക്കും തുല്യത നൽകത്തക്ക ഭാഗങ്ങൾ അംഗീകരിക്കുന്നതോടൊപ്പംതന്നെ ആ ഭേദഗതി അതേപടി സ്വീകരിച്ചാൽ ഈ രാജ്യത്തുണ്ടാകാവുന്ന കുഴപ്പങ്ങൾ ചില്ലറയല്ല എന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഒരേക്കറുള്ള ഒരു ഭൂവുടമ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

യുടെ കീഴിൽ 9 കുടികിടപ്പുകാരുണ്ടെന്നു വിചാരിക്കുക. അവർക്കെല്ലാം 10 സെൻറുവീതം വീതിച്ചുകൊടുക്കുന്ന വ്യവസ്ഥയാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. സ്മാൾ ഹോൾഡർക്ക് സൊലേഷ്യം നൽകുന്നതിനു 2 കോടി രൂപ വകയിരുത്തിയിട്ടുള്ള ഈ ബില്ലിൽ യാതൊന്നും കൊടുക്കാത്ത രീതിയിൽ ചെറുകിട ഭൂവുടമകളെ കുടികിടപ്പുകാരനു തുല്യനായി കരുതുന്ന ആ വ്യവസ്ഥ നീതിക്കു യോജിച്ചതല്ല. ഒരേക്കറുകാരന്റെ കീഴിലുള്ള കുടികിടപ്പുകാർക്കു കൂടുതൽ കൊടുക്കേണ്ട ഭാരം ഗവൺമെൻറു സഹിക്കണമെന്ന് വ്യക്തമായി എഴുതിവച്ചിരുന്നെങ്കിൽ അതിനോടു യോജിക്കാൻ കഴിയുമായിരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഗവൺമെൻറ് ഭൂമി അക്വയർ ചെയ്ത് ഒരേക്കർകാരന്റെ ഭൂമിയിലെ കുടികിടപ്പുകാരെ മാറ്റിത്താമസിപ്പിക്കാനുള്ള വ്യവസ്ഥ ക്ലോസ് 16-ൽ ഉണ്ടല്ലൊ. അങ്ങനെ മാറ്റിത്താമസിപ്പിക്കാമല്ലൊ,

ശ്രീ. കെ. ടി. ജോർജ്ജ്: മാർക്കറ്റുവില കൊടുത്ത് കുടികിടപ്പുകാർക്ക് എടുത്തുകൊടുക്കാനും അങ്ങനെ കുടികിടപ്പുകാരെ സഹായിക്കാൻ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണെന്നും ചെറുകിടക്കാരനെ നിഹനിച്ചുകൊണ്ടല്ല അതു ചെയ്യുകയെന്നും ജനങ്ങൾക്കു ബോദ്ധ്യമാകത്തക്കവിധത്തിൽ മാർക്കറ്റുവില കൊടുത്തുകൊണ്ട് ആ ചുമതല നിർവഹിക്കാൻ ഗവൺമെൻറ് തയ്യാറാണെന്ന നിലയിൽ—ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി ഭേദപ്പെടുത്തിയാലേ ഞങ്ങൾക്കു സ്വീകരിക്കാൻ പറ്റുകയുള്ളു എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. രാമുണ്ണി: കുടികിടപ്പുകാർ പർച്ചേസ് ചെയ്യുന്നതിനെസംബന്ധിച്ചിടത്തോളം തിരുവിതാംകൂർ–കൊച്ചി പ്രദേശത്തുള്ള വൈഷമ്യം മലബാർ പ്രദേശത്തില്ലാത്തതുകൊണ്ട് മലബാറിനെ സംബന്ധിച്ചിടത്തോളം ഒരു ഓറൽ അമെൻറ്മെൻറ് കൊണ്ടുവരണമെന്നാണ് ഞാനാ ഗ്രഹിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ഓറൽ അമെൻറ്മെൻറ് മിനിസ്റ്റർക്കു മാത്രമേ അവതരിപ്പിക്കാൻ പറ്റുകയുള്ളു.

ശ്രീ. എം. രാമുണ്ണി: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുന്നതിനു വേണ്ടി പറയുകയാണ്. മലബാർ ഭാഗത്ത് സ്ഥലത്തെ സംബന്ധിച്ചിടത്തോളം, ഇവിടെയുള്ള വിഷമമില്ലാത്തതുകൊണ്ട് അവർക്ക് പർച്ചേസ് ചെയ്യാനുള്ള കാര്യത്തെപ്പറ്റി ചർച്ചചെയ്യണമെന്ന് ഊന്നിപ്പറയാനാണ് ഞാൻ നിൽക്കുന്നത്. മലബാർ ഭാഗത്തുള്ള കുടിയാൻമാർക്കു പർച്ചേസ് ചെയ്യാൻ അവകാശം വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സാധാരണ നെൽപാടങ്ങളിലെ കുടിയാൻമാർക്ക് നൽകേണ്ട പരിരക്ഷ മറ്റു കുടികിടപ്പുകളെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ളതല്ല. നെൽപാടങ്ങളിൽ കൃഷിചെയ്യുന്ന കുടിയാൻമാർ അവരുടെ അദ്ധ്വാനഫലമാണ് ഉടമസ്ഥർക്കു പാട്ടമായി കൊടുക്കുന്നത്. ആ നിലയ്ക്ക് നെൽപാടങ്ങളെ സംബന്ധിച്ചിടത്തോളം പാട്ടത്തിൽ കുറവു വരുത്തുക എന്നുള്ളത് സാമാന്യേന അംഗീകരിക്കേണ്ടതാണ്. എന്നാൽ പറമ്പുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഉടമസ്ഥൻമാർ അവരുടെ പ്രയത്നഫലംകൊണ്ട് ജീവിക്കുകയാണ്, തെങ്ങ്, കമുക്

LIBRARY ARCHIVES Kerala Legislative Assembly

മുതലായവയിലെ ആദായം ഉടമസ്ഥൻമാരുടെ പ്രയത്നഫലമാണ്. അതു കൊണ്ടാണ് അവർ ജീവിച്ചുവരുന്നത്. അങ്ങനെയുള്ള ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ നിശ്ചയിച്ചിട്ടുള്ള കാംപെൻസേഷൻ കൊടുക്കുക എന്നുള്ളതു് അവരോടു ചെയ്യുന്ന വലിയൊരനീതിയാണ്. മാർക്കറ്റുവിലയുടെ 1/4 ആണ് നിശ്ചയിച്ചിരിക്കുന്നത്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പകുതി കൊടുത്താൽമതി, മാറ്റം വരുത്തേണ്ടതില്ല. നിത്യക്കൂലികൊണ്ടു് ജീവിക്കുന്നവരാണ്. പക്ഷേ ഉടമസ്ഥൻമാരെക്കുറിച്ചു പറയുകയാണെങ്കിൽ ഒരേക്കറോ രണ്ടേക്കറോ അഞ്ചു സെന്റോ ഭൂമിയിൽനിന്നു കിട്ടുന്ന വരുമാനം നഷ്ടപ്പെടുകയാണ്. അതു നഷ്ടപ്പെടുമ്പോഴും ശരിയായ രീതിയിൽ ന്യായമായ ആശ്വാസം കൊടുക്കാനുള്ള ചുമതല ഗവൺമെന്റ് ഏറ്റെടുക്കണം. കുടികിടപ്പുകാരനു് കൊടുക്കണമെന്നുള്ളതു് നമ്മുടെ സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും ആവശ്യമാണ്. ജീവിക്കാനുള്ള പാർപ്പിടം നൽകുകയും ആ പാർപ്പിടത്തോടനുബന്ധിച്ചുള്ള പറമ്പു് കൃഷിചെയ്തു് വരുമാനമുണ്ടാക്കാനുള്ള സൗകര്യം നൽകുകയും ചെയ്യണം. കുടികിടപ്പുകാരനു് താമസിക്കാൻ മാത്രമാണെങ്കിൽ പർച്ചേസു് റൈറ്റു് ആവശ്യമില്ല. പർച്ചേസു് റൈറ്റു് കൊടുത്തിരിക്കുന്നതു്, നിത്യവൃത്തിക്കു സഹായകമായിത്തീരത്തക്കവിധത്തിൽ പറമ്പിൽ അദ്ധ്വാനിച്ചു ആദായമുണ്ടാക്കാൻ കഴിയണമെന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിൽ ആണ്. നിത്യവൃത്തിക്കുള്ള അത്യാവശ്യങ്ങളും നിർവഹിക്കാനുതകത്തക്കവിധത്തിൽ ഒരു തത്വമെന്നുള്ള നിലയിൽ 10 സെന്റു കൊടുക്കണമെന്നുള്ള കാര്യത്തിൽ വിവേചനം കാണിക്കാൻ പാടില്ലതന്നെ. എന്നാൽ മന്ത്രിയുടെ ഭേദഗതി വ്യത്യസ്തമാണ്. ചുരുങ്ങിയതു് 3 സെന്റു് എന്നു് അംഗീകരിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: അതു നേരത്തെ ഉണ്ടു്. സെലക്ടു് കമ്മിറ്റി സ്റ്റേറ്റജിൽത്തന്നെ ശരിയാക്കി എഴുതിയതാണ്.

ശ്രീ. കെ. കരുണാകരൻ: മൂന്നുസെന്റു കിട്ടുകയാണെങ്കിൽ മേൽ പറഞ്ഞ ആവശ്യം നിർവഹിക്കാൻ കഴിയുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതിലെ പ്രൊവിഷൻ വച്ചുകൊണ്ടു്, ഏതു ജൻമിക്കും, അഞ്ചേക്കറുകാരനാണെങ്കിലും അതിൽക്കൂടുതലുള്ള വരാണെങ്കിലും, കുടികിടപ്പുകാരെ ഒരേക്കറുകാരന്റെ കീഴിലുള്ള കുടികിടപ്പുകാരൻ എന്ന നിലയിലാക്കി മാറ്റാൻ കഴിയുകയില്ലേ?

ശ്രീ. കെ. കരുണാകരൻ: കൃത്രിമമായി രേഖകളുണ്ടാക്കി അങ്ങനെയൊക്കെ വരുത്താം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എനിക്കു് അഞ്ചേക്കർ ഭൂമിയിൽ 10 കുടികിടപ്പുകാരുണ്ടെങ്കിൽ അവരെ ഒരേക്കറിലെ കുടികിടപ്പുകാരാക്കാൻ സാധിക്കുകയില്ലേ എന്നാണ്.

ശ്രീ. കെ. കരുണാകരൻ: കൃത്രിമമായി രേഖയുണ്ടാക്കാൻ സാധിക്കുകയില്ലെന്നു പറയുന്നില്ല. ഇതിൽ മാത്രമല്ല, സീലിംഗിന്റെ കാര്യത്തിലും മറ്റും അങ്ങനെ സാധിക്കും. ശ്രീ. ചന്ദ്രശേഖരൻ നായരുടെ ആ ഭേദഗതിയെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടു പറയുകയാണ്. കുടികിടപ്പുകാരനു ഭൂമി കൊടുക്കുന്നെങ്കിൽ 10 സെന്റു കൊടുക്കണം. പുര വച്ചുകഴിഞ്ഞാൽ എന്തെങ്കിലും കൃഷിചെയ്യാൻ കഴിയണം. വെറും കുടികിടപ്പു മാത്രമാണെങ്കിൽ ഇതൊന്നും ആവശ്യമില്ല. കഴിഞ്ഞുകൂടാനുള്ള സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

മാത്രമാണെങ്കിൽ ഇപ്പോഴുണ്ട്, കുടികിടപ്പ് അൽപമൊക്കെ വികസിപ്പിക്കുന്നതിനുള്ള അവകാശമുണ്ട്. അപ്പോഴാ, പർച്ചേസ് റൈറ് കൊടുത്തതിന്റെ ഉദ്ദേശം അദ്ധ്വാനിച്ചു ജീവിക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവും വേണമെന്നുള്ളതാണ്. അതുകൊണ്ട് അത് അനുവദിച്ചുകൊടുക്കണമെന്നുള്ളിടത്തോളമുള്ള വാദഗതിയോടു ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. അക്കാര്യത്തിൽ യാതൊരു വിവേചനവും പാടില്ല. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം വിലകൊടുക്കേണ്ട കാര്യം മാത്രമേ ഉള്ളൂ. അതിൽനിന്നുള്ള വരുമാനം കൊണ്ടാണ് അവർ കഴിഞ്ഞുകൂടുന്നത്. കുടിയാന്റെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്നവരും സ്വന്തം അദ്ധ്വാനത്തിന്റെ ഫലംകൊണ്ട് കഴിഞ്ഞുകൂടുന്നവരും തമ്മിലുള്ള വ്യത്യാസമാണിവിടെയുള്ളത്. ചെറുകിടക്കാർ അന്യന്റെ അദ്ധ്വാനം മുതലാക്കി ജീവിക്കുന്നവരല്ല; സ്വന്തം അദ്ധ്വാനം കൊണ്ട് ജീവിക്കുന്നവരാണ്. അവർക്കു മാർക്കറ്റുവില കൊടുക്കണം. അതുകൊണ്ട് ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ, മാർക്കറ്റുവില കൊടുക്കണമെന്നുള്ള ഭേദഗതിയോടുകൂടി സ്വീകരിക്കണം. അല്ലെങ്കിൽ പാവപ്പെട്ടവരെ ദ്രോഹിക്കുകയായിരിക്കും ചെയ്യുന്നത്.

ഭൂവുടമയുടെ ആവശ്യപ്രകാരമാണ് മാറിത്താമസിക്കുന്നതെങ്കിൽ എന്തെല്ലാം അവകാശം കൊടുക്കണമെന്നുള്ളത് വ്യക്തമല്ല. ലാൻഡ് ട്രിബ്യൂണൽ ആണ് നിശ്ചയിക്കുന്നത് എന്നു പറഞ്ഞു. ലാൻഡ് ട്രിബ്യൂണൽ ആയാലും ആരായാലും അതിൽ ഒരു ഭേദഗതി കൊണ്ടുവരണം. ആരാണോ മാറിത്താമസിക്കാൻ തയ്യാറാകുന്നത് അവർക്ക് മാറിത്താമസിക്കാനുള്ള സൗകര്യങ്ങൾ ഗവൺമെന്റു ചെയ്തുകൊടുക്കണം. നാലു കുടിലുണ്ടായാലും രണ്ടു കുടിലുണ്ടായാലും എത്രയായാലും, മാറിത്താമസിക്കുന്നവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇന്ന്, നാലു കുടികിടപ്പുകാർ ഒരു സ്ഥലത്തുണ്ടെങ്കിൽ അവരെ മാറ്റി താമസിപ്പിക്കാൻ വ്യവസ്ഥ ബില്ലിൽ ഇല്ല. അത് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാക്കും. അതുപോലെ റവന്യൂ മിനിസ്റ്റർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയിൽ 10 സെന്റും 5 സെന്റും 3 സെന്റും അനുസരിച്ചു കൊടുക്കുന്നതിനുള്ള ഭേദഗതി വരുത്തുകയും ചെയ്യണം.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ഭേദഗതിയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഒന്നുരണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി തന്നെയാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. അതേ അവസരത്തിൽ, ഒരേക്കറിൽ കുറഞ്ഞ ഭൂമി കൈവശമുള്ള ചെറുകിടക്കാരനെ സംബന്ധിച്ചു വല്ല പ്രത്യേക പരിഗണനയും നൽകാൻ സാധിക്കുമോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഈ പുതിയ നിയമത്തിൽ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പല ആനുകൂല്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ അവർക്കു അനുഭവിക്കാൻ സാധിക്കുന്ന ഒരു സ്ഥിതിവിശേഷം ഈ ബിൽ പാസ്സായി കഴിഞ്ഞാൽ ഉണ്ടാകണം എന്നു വളരെയധികം ആഗ്രഹിക്കുന്ന ഒരാളാണു ഞാൻ. കുടികിടപ്പുകാർക്കു ചില അവകാശങ്ങൾ നൽകിയിട്ടുണ്ട്. ആ അവകാശങ്ങൾ സാമാന്യനീതിക്കു നിരക്കുന്നതായിരിക്കണം എന്നു പറഞ്ഞാൽ, മുസ്ലീംലീഗ്

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിൽ കുടികിടപ്പുകാർക്കു നൽകുന്ന അവകാശങ്ങൾക്ക് എതിരാണെന്നു പ്രചരണം നടത്തുന്ന ഒരു പ്രവണത ഇവിടെയുണ്ടെന്നു കാണാൻ കഴിയും. അത് എന്തുതന്നെ ആയിരുന്നാലും, കുടികിടപ്പുകാരെ പോലെയുള്ള പാവപ്പെട്ട ആളുകൾക്കു ആനുകൂല്യം നൽകുകയും ആ ആനുകൂല്യങ്ങൾ അവർക്കു അനുഭവിക്കാൻ സാധിക്കുന്ന ഒരു നിലപാട് ഉണ്ടാകുകയുംചെയ്യണമെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നാം നിയമനിർമ്മാണം പലതും നടത്തുന്നുണ്ട്. പല നല്ല തത്വങ്ങളും നിയമത്തിൽ ഉൾക്കൊള്ളിച്ചാലും അതു കോടതിയുടെ പടിവാതിൽ കടക്കുന്നതിനു മുൻപ് ഇല്ലാതെപോകുന്ന അനുഭവം നമുക്കുണ്ടായിട്ടുണ്ട്. നിയമത്തിലൂടെ ചില ആനുകൂല്യങ്ങൾ ആർക്കെങ്കിലും നൽകുമ്പോൾ അതു ഏതു നിയമക്കോടതിയിൽ പോയാലും ചോദ്യം ചെയ്യപ്പെടാത്തവിധം നിയമ വ്യവസ്ഥകൾക്കും ഭരണഘടനയ്ക്കും അനുസൃതമായി നിലനിൽക്കുന്നതായിരിക്കണം. അല്ലാതെ, കുറെ ആനുകൂല്യങ്ങൾ നിയമത്തിൽ എഴുതി ചേർത്തിട്ട്, അത് കോടതിയിൽ കടക്കുന്നതിനുമുൻപ് ഇല്ലാതെപോകുന്ന സ്ഥിതിവിശേഷം ഇവിടെ ഉണ്ടാകരുതെന്നാണ് എന്റെ അഭിപ്രായം. നിയമത്തിൽ നൽകുന്ന ആനുകൂല്യങ്ങൾ അനുഭവിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടാകരുത്. ഭരണഘടനയോടു എതിർപ്പുള്ളവർ ഉണ്ടായെന്നുവരും. ഭരണഘടനയിലെ പല ഖണ്ഡികകളോടും പരമാവധി യോജിക്കാൻ സാധിക്കാത്ത ഒരാളാണു ഞാൻ. പക്ഷേ, ഭരണഘടന നിയമാനുസൃതമായ നിലയിൽ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്, കോടതിവിധികൾ എന്തുതന്നെയായാലും കോടതികൾക്കു നിലനിൽപ്പുണ്ടായിരിക്കണം. ഭരണഘടന നിയമാനുസൃതമാണോ അല്ലയോ എന്നു തീരുമാനിക്കാനുള്ള അധികാരം കോടതികൾക്കുണ്ടെന്നുള്ള വസ്തുത നാം അംഗീകരിച്ചേ തീരൂ. ഞാൻ ഇതു പറയാൻ കാരണം, പല നല്ല ആനുകൂല്യങ്ങളും കുടികിടപ്പുകാർക്കു നൽകാൻ വ്യവസ്ഥചെയ്യുന്ന ഈ വകുപ്പ് ഭരണഘടനയിലെ 26-ാം ഖണ്ഡികയ്ക്കു നിരക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നുള്ളതാണ്. ഈ സംശയം ഈ അവസരത്തിൽ പ്രകടിപ്പിക്കാതിരിക്കുന്നതു ഒരു കൃത്യവിലോപമായിരിക്കുമെന്നു കരുതിയിട്ടാണ് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്, ഇതു ഭരണഘടനയ്ക്കു വിധേയമാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകഴിഞ്ഞാൽ അതു സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. എന്നിരുന്നാലും 63-ാം ക്ലാസിലൂടെ പുതിയ 80 (എ) സെക്ഷനിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഭരണഘടനയിലെ 26-ാം വകുപ്പിനു നിരക്കുമോ എന്നുള്ള കാര്യത്തിൽ എനിക്കു വളരെയധികം സംശയമുണ്ട്. ഭരണഘടനാ വ്യവസ്ഥകൾക്കു നിരക്കുന്നവിധത്തിലായിരിക്കണം കുടികിടപ്പുകാർക്കു നൽകുന്ന ആനുകൂല്യങ്ങൾ. അതുകൊണ്ടാണ് ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നത്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർത്തിട്ട്, 'നല്ല പല ആനുകൂല്യങ്ങളും നിയമത്തിൽ എഴുതി ചേർത്തിരുന്നു, എന്തുചെയ്യാം കോടതി തള്ളിക്കളഞ്ഞു' എന്നു പറയാൻ ഇടയാകരുത്. ആ സദുദ്ദേശത്തോടുകൂടിയാണ് ഈ കാര്യങ്ങൾ എടുത്തു പറയുന്നത്. ഭരണഘടനയിലെ 26-ാം ഖണ്ഡികയിൽ മതധർമ്മ സ്ഥാപനങ്ങൾക്ക് ചില പ്രത്യേക പരിരക്ഷ നൽകുന്നുണ്ട്. 26-ാം ഖണ്ഡികയിൽ പറയുന്നത" subject to public order, morality and health, every religious denomination or any section thereof shall have the right:

(*a*) to establish and maintain institutions for religious and charitable purposes;

(*b*) to manage its own affairs in matters of religion;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മദ്]

(*c*) to own and acquire movable and immovable property; and

(*d*) to administer such property in accordance with law.

എന്നാണ്. സർ, എന്റെ വാദം തികച്ചും ശരിയാണെന്നു പറയുന്നില്ലെങ്കിലും ഇതൊരു വിവാദവിഷയമാണ്. കുടികിടപ്പുകാർക്കു ഈ പുതിയ വ്യവസ്ഥയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ മതധർമ്മസ്ഥാപനങ്ങളുടെ കൈവശമുള്ള സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കുന്നില്ലെങ്കിൽ അതു 26-ാം ഖണ്ഡികയ്ക്കു നിരക്കുന്നതാകുമോ എന്നുള്ളകാര്യം സംശയമാണ്. ഇതൊരു തർക്കവിഷയമാണെന്നുള്ളതിനു സംശയമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അങ്ങനെയാണെങ്കിൽ കുടികിടപ്പുകാർക്കു കൊടുക്കുന്ന സംരക്ഷണവും 26-ാം ഖണ്ഡികയ്ക്കു എതിരായിട്ടു വരുമല്ലോ. മതധർമ്മ സ്ഥാപനങ്ങൾക്കുള്ള സ്പെഷ്യൽ പ്രൊവിഷൻ, കുടികിടപ്പുകാരുടെ സംരക്ഷണത്തിനും നൽകുന്നില്ലെങ്കിൽ അതു നിയമപരമായി 26-നെ ''വയലേറ്റു'' ചെയ്യുകയില്ലേ?

ശ്രീ. ഇ. അഹമ്മദ്: കുടികിടപ്പുകാരുടെ അവകാശത്തെ സംബന്ധിച്ചു ചർച്ചചെയ്തിട്ടു അവരുടെ ആനുകൂല്യങ്ങളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്നു സംശയമുണ്ടെങ്കിൽ അതു ഒഴിവാക്കാൻ ഇപ്പോൾ തന്നെ ആലോചിക്കണം.

സർ, മതധർമ്മ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശം (ownership) ഡൈവർട്ടു ചെയ്യുകയാണ്. സെക്ഷൻ 72 (എൻ) പ്രകാരം പ്രത്യേകം ആനുവിറ്റി കൊടുക്കുമെന്നുണ്ട്. മതധർമ്മ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൻമേൽ കുടികിടപ്പുകാർക്കു ''പർച്ചെസ്'' റൈറ്റു കൊടുക്കുമ്പോൾ ആ അവകാശം തികച്ചും ''ഡൈവർട്ടു'' ചെയ്യുകയാണ്. അത് ഭരണഘടന 26-ാം ഖണ്ഡികയ്ക്കു നിരക്കുന്നതല്ലന്നാണ് എന്റെ അഭിപ്രായം. അതുമൂലം എല്ലാ കുടികിടപ്പുകാർക്കുമുള്ള ആനുകൂല്യം ഇല്ലാതെ പോകുകയില്ലേ എന്നാണു എന്റെ സംശയം. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻനായരും ബഹുമാനപ്പെട്ട സഭയും അങ്ങനെ ആകുകയില്ലെന്നു പറഞ്ഞാൽ എന്റെ സംശയംഉന്നയിക്കാതിരിക്കുന്നതു ശരിയല്ലല്ലോ. ഉത്തമവിശ്വാസത്തോടുകൂടി കുടികിടപ്പുകാർക്കു നൻമ ചെയ്യണമെന്നുള്ള ആഗ്രഹത്തോടു കൂടി ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അതിനുണ്ടാകുന്ന തടസ്സങ്ങൾകൂടി ഈ സഭ പരിഗണിക്കണമെന്നേ എനിക്കു പറയാനുള്ളൂ. അങ്ങനെ തടസ്സമൊന്നും ഉണ്ടാവുകയില്ലെന്നുള്ള അഭിപ്രായത്തിൽ എത്തിച്ചേരുകയാണെങ്കിൽ ഈ നിയമം ഉടനെ പാസ്സാക്കാം.

ശ്രീ. കെ. കരുണാകരൻ: കുടിയാൻമാരെ സംബന്ധിച്ചിടത്തോളം പാട്ടം നിശ്ചയിക്കുന്ന കാര്യത്തിൽ 26 (ഡി) തടസ്സം പറയുന്നില്ല. നിയമവിധേയമായിട്ടു അതു ചെയ്യാമെന്നു 26 (ഡി) യിൽ പറയുന്നുണ്ട്.

Shri E. Ahamed: Please refer Article 26 which gose as to administer such property in accordance with law even my view is that sub Article (*d*) is subject to conditions such as public order, morality and health. Every religious denomination or any section thereof shall have the right to establish and maintain institution for religious and charitable purposes, in accordance with law. In accordance with law; which law? that is under dispute now. According to me if we include

LIBRARY ARCHIVES Kerala Legislative Assembly

this provision under consideration then it would infringe the fundamental rights as enunciated under Article 26. അതുകൊണ്ട് ഇതു സംബന്ധിച്ചു് ഏതു നിയമം ഉണ്ടാക്കുമ്പോഴും അത് ഭരണഘടനയ്ക്കു നിരക്കുന്ന വിധത്തിലായിരിക്കണം; നിരക്കുന്ന വിധത്തിലേ ആകാവൂ. Nothing in this section shall apply to the property belonging to or in possession of public, religious and educational institutions of public nature എന്നു ചേർത്താൽ അതു ഗുണകരമായിരിക്കും. ഇങ്ങനെ ആനുകൂല്യം നൽകുന്നതു ഒരു വ്യക്തിക്കല്ല, ഒരു സ്ഥാപനത്തിനാണ്. സ്ഥാപനം ഒരിക്കലും ഒരു വ്യക്തിയല്ല. ജൻമി എന്നു പറഞ്ഞാൽ ഒരു വ്യക്തിയാണ്. ജൻമിയുടേയും സ്ഥാപനത്തിന്റെയും കുടികിടപ്പുകാർക്കു ഒരുപോലുള്ള ആനുകൂല്യം കൊടുക്കുക എന്നു പറഞ്ഞാൽ പരമാവധി ശരിയാകുമോ എന്നു പരിശോധിക്കണം. വഖഫ് ബോർഡ്, ദേവസ്വം ബോർഡ് മുതലായ മതധർമ്മ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ധർമ്മസ്ഥാപനങ്ങൾക്കുള്ളതാണ്, ഒന്നോ രണ്ടോ വ്യക്തികൾക്കുള്ളതല്ല. ആ സ്ഥാപനങ്ങൾകൊണ്ടുള്ള നൻമ അനുഭവിക്കുന്നതു ഒരു വലിയവിഭാഗം ആളുകളാണ്. അതുകൊണ്ടു ജൻമികുടിയാൻ ബന്ധത്തിന്റെ നിലയിൽ മതധർമ്മ സ്ഥാപനങ്ങളുടെ കീഴിലുള്ള കുടിയാൻമാർക്കു ആനുകൂല്യം നൽകുന്നതു ശരിയാണോ എന്നാലോചിക്കണം. കാർഷികബന്ധബില്ലിൽ ''പബ്ലിക്ക് നേച്ചറി'' ലുള്ളതാണ് 'religious and charitable institutions of public nature' അത് ഞാൻ അടിവരയിട്ടു പറയുകയാണ്. എന്റെ അഭിപ്രായം വഖ്ഫ് ബോർഡ്, ദേവസ്വം ബോർഡ് എന്നിവയുടെ കീഴിൽ മാത്രം പൊതുസ്വഭാവമുള്ള അത്തരം സ്ഥാപനങ്ങൾ വരികയുള്ളു. അതേ അവസരത്തിൽ മറ്റുചില ആനുകൂല്യങ്ങൾ കിട്ടുമെന്നുള്ള ആഗ്രഹത്താലോ, ദുരാഗ്രഹത്താലോ ചില സ്ഥാപനങ്ങൾ നിലകൊണ്ടു എന്നുവരാം. എന്നാൽ വഖഫ് ബോർഡും, ദേവസ്വം ബോർഡും ധർമ്മസ്ഥാപനങ്ങൾ എന്ന നിലയിൽ ആവശ്യമായ സ്ഥാപനങ്ങളാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾ മൂലം ആനുകൂല്യം ലഭിക്കുന്നത് ഒരു വ്യക്തിക്കല്ല, പ്രത്യുത ഒരു വലിയവിഭാഗം ജനങ്ങൾക്കായിരിക്കും അതുമൂലം നൻമ ലഭിക്കുന്നത്.

മറെറാന്നു കുടികിടപ്പുകാർക്കു ചില ആനുകൂല്യങ്ങൾ വിഭജിച്ചു കൊടുത്തുകൊണ്ട് കുടികിടപ്പുകാർക്കു ഇന്നയിന്ന ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടെന്നു നമ്പർ 1, നമ്പർ 2, നമ്പർ 3 ഇങ്ങനെ പറയാമെങ്കിലും അതിൽ ഏതെങ്കിലും ഒന്നു ഹൈക്കോടതിയിൽ 226-ാം ഖണ്ഡിക പ്രകാരമോ സുപ്രീം കോടതിയിൽ 32-ാം ഖണ്ഡിക പ്രകാരമോ ചലഞ്ചുചെയ്താൽ അതു ഭരണഘടനാ വിരുദ്ധമാണെന്നു വിധിയുണ്ടായാൽ ഞങ്ങൾ കുറെ ആനുകൂല്യങ്ങൾ എഴുതിവച്ചിട്ടുണ്ടായിരുന്നു, അതു കോടതി തള്ളികളഞ്ഞു എന്നു പറയുവാനുള്ള സ്ഥിതിവിശേഷം ഉണ്ടാക്കരുത്. കുടികിടപ്പുകാർ വളരെയധികം അവശത അനുഭവിക്കുന്ന ആളുകളാണ്. അവർക്ക് അവകാശം ലഭിക്കുകതന്നെ വേണം. അതിന് ആരും തടസ്സമായി നിൽക്കുകയുമില്ല. പക്ഷേ ആ അവകാശങ്ങൾ മുഴുവനും നിയമവിധേയമായിരിക്കണം. അങ്ങനെ നിയമവിധേയമാണോ അല്ലയോ എന്ന് കോടതി പരിഗണിക്കുമ്പോൾ ഭരണഘടനയിലെ വ്യവസ്ഥകൾക്കു അനുസരണമാണോ അല്ലയോ എന്ന കാര്യം നോക്കും. അങ്ങനെ നോക്കുമ്പോൾ സാമാന്യനീതിക്കനുസരണമാണെന്നു വച്ചാൽതന്നെയും ഭരണഘടനയിലെ 26-ാം ഖണ്ഡികയിൽ സംശയം പ്രകടിപ്പിച്ചു തള്ളപ്പെട്ടു പോയാൽ നമ്മൾ ഇവിടെ കൂടിയിരുന്നു വളരെ നാളത്തെ അദ്ധ്വാനത്തിന്റെ ഫലമായി ശ്രമകരമായിട്ടുള്ള ജോലിയുടെ ഫലമായിട്ടു ഈ രാജ്യത്തെ കുടികിടപ്പുകാർക്കു നമ്മൾ നൽകിയിട്ടുള്ളതായ അവകാശം ഇല്ലാതെപോകും. അതു വരരുതെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മദ്]

ന്നുള്ള ഉദ്ദേശം മനസ്സിൽ വച്ചുകൊണ്ടാണ് ഈ സംശയം ഞാൻ ഉന്നയിച്ചത്. എന്റെ വാദത്തോടു അനുകൂലിക്കാത്തവർപോലും ഇതൊരു തർക്കവിഷയമാണെന്നുള്ളതിൽ അനുകൂലിക്കാതിരിക്കുകയില്ല. 26–ാം ഖണ്ഡികയോടു അനുകൂലിക്കുന്നതാണ്, പ്രതികൂലിക്കുന്നതാണെന്നുള്ളതിൽ ഭിന്നാഭിപ്രായം ഉള്ളവർ ഉണ്ടാകാമെങ്കിലും ഇതൊരു തർക്കവിഷയം ആണെന്നുള്ള വാദത്തോടു അനുകൂലിക്കും. ഇങ്ങനെയുള്ള തർക്ക പ്രശ്നം സഭയുടെ പരിഗണനയ്ക്കു വയ്ക്കുകയും എന്റെ അഭിപ്രായം ശരിയല്ലെന്നുണ്ടെങ്കിൽ അത്തരത്തിലുള്ള ഒരു തീരുമാനം എടുക്കുകയും ചെയ്യാവുന്നതാണ്. ആ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ സംശയം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അങ്ങനെ ചെയ്തില്ലെങ്കിൽ അതൊരു കൃത്യവിലോപമായിവരും എന്നു കരുതിയതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. അതിനു അനുകൂലമായി ഞാൻ ഇവിടെ കാണുന്നത്

The law which takes away the right of administration from the hands of a religious denomination.....would amount to the violation of the right vested.....

എന്നു പറയുന്നതാണ്. ഇതു സുപ്രീം കോടതിയുടെ വിധിയാണ്. എതെങ്കിലും ഒരു പ്രധാന നിയമത്തിൽകൂടി ധർമ്മസ്ഥാപനങ്ങൾക്കുള്ള അവകാശം ഇല്ലാതാക്കുകയും അതു മറെറാരു അതോറിറ്റിയിൽ വെസ്റ്റു ചെയ്യുകയും ചെയ്യുകയാണെങ്കിൽ അതു ഭരണഘടന 26-ാം ഖണ്ഡികയ്ക്കു നിരക്കുന്നതല്ല എന്നു സുപ്രീം കോടതി വിധി ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചു മറെറു കോടതിവിധികളും ഉണ്ട്. പക്ഷേ പ്രത്യക്ഷമായി ബാധിക്കുന്ന വിധിയില്ല. ലാൻറു റിഫാംസ് ആക്റ്റിൽ ഇങ്ങനെയുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കാമെന്നു ഒരിടത്തു ഇൻഫർ ചെയ്യാമെങ്കിൽ മറെറാരു സ്ഥലത്തു ഖണ്ഡിക 26-ന് നിരക്കുന്നതല്ല എന്നും ഇൻഫർ ചെയ്യാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഈ ചോദ്യം വരുമോ ?

ശ്രീ. ഇ. അഹമ്മദ്: 9-ാം ഷെഡ്യൂളിൽ പെടുത്തിയാലും ഈ പ്രശ്നം വരും. മറെറു കാര്യങ്ങൾ ഉന്നയിക്കുവാൻ പാടില്ല എന്നല്ലാതെ ആർട്ടിക്കിൾ 26 അനുസരിച്ചുള്ള നീതികിട്ടുന്നതിനു ധർമ്മസ്ഥാപനങ്ങൾക്കു ഭരണഘടനയിലെ 226-ാം വകുപ്പനുസരിച്ചു കോടതിയെ സമീപിക്കാനുള്ള അവകാശം എടുത്തുകളയുന്നില്ല. 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതുകൊണ്ടു കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല എന്നുള്ള വാദം ആരും ഉന്നയിക്കുകയില്ല. 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതുകൊണ്ട് ധർമ്മസ്ഥാപനങ്ങൾക്കുള്ള മൗലികമായ അവകാശങ്ങൾ നിഷേധിക്കുന്നു എന്നുള്ള അടിസ്ഥാനത്തിൽ ഈ പ്രശ്നം ഉന്നയിക്കാം. ഉന്നയിക്കുവാനുള്ള അവകാശത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതുകൊണ്ട് എടുത്തു കളയുന്നുമില്ല.

മറെറാന്നു ഒരു നിയമപണ്ഡിതൻ പറഞ്ഞിട്ടുള്ളതാണ് !

In short the exercise of the power to regulate the administration of a trust property the legislature cannot interfere with the matters which are essentially religious.....

ട്രസ്റ്റു പ്രോപ്പർട്ടീസിനെ സംബന്ധിച്ചാണ് ഇതിൽ പറയുന്നത്. ട്രസ്റ്റു പ്രോപ്പർട്ടീസ് റിലീജിയസ് പ്രോപ്പർട്ടീസ് എന്നിവയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി കൊണ്ടുവന്നിട്ടുള്ള അഭിപ്രായമാണ്. ട്രസ്റ്റു പ്രോപ്പർട്ടീസിനെ ലെജിസ്ലേച്ചർ ഇൻറർഫിയർ ചെയ്യാൻ പാടില്ല എന്നൊരു അഭിപ്രായം വന്നിട്ടുണ്ട്. നമ്മൾ എഴുതിയുണ്ടാക്കുന്ന നിയമങ്ങൾ നിയമവിധേയമല്ലെന്നു പറയുന്ന സ്ഥിതിവിശേഷം ഉണ്ടാക്കരുത്.

The distinction between matters of religion and those of secular administration of religious properties may at times appear to be a thin one.

അനുകൂലമോ പ്രതികൂലമോ ആയ സ്ഥിതിവിശേഷം ഉണ്ടാകാമെങ്കിലും ലെജിസ്ലേച്ചറിനു ഇതുപോലുള്ള കാര്യങ്ങളിൽ ഇൻറർഫിയർ ചെയ്യാൻ പാടില്ല എന്നുള്ളതു വളരെയേറെ കരുതലോടുകൂടി വീക്ഷിക്കണം.

Clauses (*c*) and (*d*) give constitutional protection to rights relating to property which a religious denomination possessed independent of the Constitution. They do not create any right in any denomination which it never had.

സുപ്രീം കോടതി പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണ്. മുമ്പു ഇല്ലാതായ ഒരവകാശം വച്ചുകൊടുക്കുകയല്ല. നേരെമറിച്ച് മുമ്പുള്ള അവകാശം ഇല്ലായ്മചെയ്യാൻ പാടില്ല എന്നുള്ളതാണ്. എൻറെ വാദവും അതാണ്. ധർമ്മസ്ഥാപനങ്ങൾക്കു ഇന്നുള്ള അവകാശം കൈവശമുള്ള ഭൂമി കൈവശം വയ്ക്കുവാനും അതിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾകൊണ്ടു റിലിജിയസും ചാരിറ്റബിളുമായിട്ടുള്ള കാര്യങ്ങൾ നിറവേറ്റാനും ഉള്ള അധികാരമാണ്. അതു നിലവിലുള്ള അവകാശമാണ്. ആ നിലവിലുള്ള അവകാശം ഇല്ലായ്മചെയ്യാൻ പാടില്ല എന്നാണ് ഭരണഘടനയിലെ 26-ാം വകുപ്പു ചൂണ്ടിക്കാണിക്കുന്നത്. അതല്ലാതെ മുമ്പു ഇല്ലാതിരുന്ന ഒരു അവകാശം വകവച്ചുകൊടുക്കലല്ല. നേരെമറിച്ച് ഏതെങ്കിലും ഭൂമിയിൽ, അല്ലെങ്കിൽ നിലത്തിൽ അല്ലെങ്കിൽ അതുപോലുള്ള വസ്തുവകകളിൽ ഇല്ലാതിരുന്ന അവകാശം ഇപ്പോൾ നൽകുകയാണെങ്കിൽ അതു ശരിയല്ല. അതു ഭരണഘടനാ വിധേയമല്ല. ഭരണഘടനാ വിരുദ്ധമാണ്. നേരെമറിച്ച് ഇന്നുള്ള വഖഫ് ബോർഡ്, ദേവസ്വം ബോർഡ് മുതലായ ധർമ്മസ്ഥാപനങ്ങൾക്കു ഇന്നുള്ള അവകാശം ഇല്ലാതായി പോകുകയാണെങ്കിൽ അതു ഭരണഘടനാ വിരുദ്ധമാണെന്നു ഹൈക്കോടതി വിധി വരികയാണെങ്കിൽ ഒരു കുടികിടപ്പുകാരന്നു നാം എൽപ്പിച്ചിട്ടുള്ള മുഴുവൻ അവകാശവും ഇല്ലാതാകും. ആകാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മറെറാരുകാര്യം appurtenant thereto എന്നതു മാറി adjoining thereto എന്നാക്കുന്നുണ്ട്.

Even if it is adjoining thereto, according to me the appropriate word to be used is 'appurtenant thereto'. In a statute like this, the word 'appurtenant thereto' would give more appropriate meaning than the word 'adjoining thereto'. I hope the Hon. Minister will consider my suggestion and make necessary amendments.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: സർ, കുടികിടപ്പുകാരനു പർച്ചേസ് റൈറു കൊടുക്കുന്നതിനു റവന്യൂ മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഭേഗതിയിലും ശ്രീ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ചിരിക്കുന്ന ഭേഗതിയിലും നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ 12 ലക്ഷത്തോളം കുടികിടപ്പുകാർ ഉണ്ടെന്നാണ് പറയുന്നത്. ഒരുപക്ഷേ അതു പത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള]

ലക്ഷ്യം ആയിരിക്കാം. എത്ര ലക്ഷ്യമുണ്ടായിരുന്നാലും ശരി എല്ലാവർക്കും പർച്ചേസ് റൈറ്റു കൊടുക്കണമെന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. അതിനു കഴിയുന്ന ഭേദഗതി ഏതാണെന്നാണ് ഞാൻ നോക്കിയത്. അല്ലാതെ ആരുടെ ഭേദഗതി എന്നല്ല. കേരളത്തിലെ എല്ലാ കുടികിടപ്പുകാർക്കും പർച്ചേസ് റൈറ്റു നൽകുവാൻ പറ്റുന്ന ഭേദഗതി ഇതിൽ ഏതാണെന്നു പരിശോധിച്ചു നോക്കിയപ്പോഴാ ആ ലക്ഷ്യം നേടുന്നതിനു സഹായിക്കുന്നതു ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയാണെന്നാണ് എനിക്കു തോന്നുന്നത്. എന്തുകൊണ്ടെന്നാൽ ഒരു കുടികിടപ്പുകാരൻ താമസിക്കുന്ന ഒരു സ്ഥലത്തു അഞ്ചു കുടികിടപ്പുകാർ ഉണ്ടായി എന്നിരിക്കും. അതു ചിലപ്പോഴാ ഒരു ഉടമയുടെ ആയിരിക്കും. ജൻമം റൈറ്റു മാത്രം ഉള്ളതും കുടിയാന്റെ കൈവശം ഇരിക്കുന്നതും ആകാം. സബ്ടെനൻറിന്റെ കൈവശം ഇരിക്കുന്നതുമാകാം. മുഴുവൻ ജൻമാവകാശം കൈവശം ഇരിക്കുന്നതുമാകാം. അങ്ങനെ പലതരത്തിലുള്ള ക്ലാസിഫിക്കേഷൻ ഉണ്ട്. പരിധിയിൽ കൂടുതൽ ഭൂമിയുള്ള ജൻമിയുടെ സ്ഥലത്തു ഒരു കുടികിടപ്പുണ്ട്. അയാഴംക്ക് മൂന്നേക്കറേ കാണുകയുള്ളൂ. പതിനഞ്ചേക്കറിൽ കൂടുതൽ ഭൂമിയുള്ള ഒരാളിന്റെ കുടികിടപ്പുകാരനാണെന്നുള്ള റൈറ് അയാഴംക്ക് കിട്ടുകയില്ല. കാരണം പാട്ടം വാങ്ങിച്ചിരിക്കുന്ന കുടിയാനു മൂന്നേക്കറെ കാണുകയുള്ളൂ. മൂന്നേക്കറിന്റെ ഭൂമിയിൽ താമസിക്കുന്ന കുടിയാന്റെ അവകാശം മാത്രമേ കുടികിടപ്പുകാരനു കിട്ടുകയുള്ളൂ. ഒരേക്കറിൽ താഴെയുള്ളവർ, മൂന്നേക്കറിൽ താഴെയുള്ളവർ, അഞ്ചേക്കറിൽ താഴെയുള്ളവർ, 15 ഏക്കറിൽ താഴെയുള്ളവർ ഇങ്ങനെയുള്ള പലതരത്തിലുള്ള ക്ലാസിഫിക്കേഷൻ ഉണ്ട്. ഇന്നത്തെ സങ്കീർണ്ണമായ കുടിയായ്മ വ്യവസ്ഥ നിലനിൽക്കുന്ന കാലത്തോളം ഇത്തരം ക്ലാസിഫിക്കേഷനിൽ യാതൊരർത്ഥവുമില്ല. ഭൂവുടമയ്ക്കു ഇത്ര ഏക്കർ, കുടിയാന് ഇത്ര ഏക്കർ കുടികിടപ്പുകാരനു ഇത്ര ഏക്കർ എന്ന കണക്കെടുപ്പുതന്നെ അപ്രസക്തമാണ്. കുടിയിരിപ്പു നിൽക്കുന്ന ഭൂമിയുടെ ഉടമസ്ഥനോ കുടികിടപ്പുകാരനോ കൈവശക്കാരനോ എത്ര ഏക്കർ ഭൂമി ഉണ്ടെന്നു നോക്കാതെ കുടികിടപ്പുകാരനു പർച്ചേസ് റൈറ്റു കൊടുക്കണം. അങ്ങനെ കൊടുക്കണമെന്നു പറയുമ്പോഴാ ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയാണ് അംഗീകരിക്കുവാൻ തോന്നുന്നത്. കേരളത്തിലെ മുഴുവൻ കുടികിടപ്പുകാർക്കും പർച്ചേസ് റൈറ് നൽകണമെന്നുള്ള ലക്ഷ്യത്തോടുകൂടി പരിശോധിക്കുമ്പോഴാ നിഷ്പക്ഷമതിയായ ഒരാൾക്കു ഈ തീരുമാനം എടുക്കുവാനേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. അത് റവന്യൂമന്ത്രി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

[10 a.m.] റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, കുടികിടപ്പുകാരന്റെ പർച്ചേസ് റൈറിനെ സംബന്ധിച്ച് ഗവൺമെൻറു അനുവർത്തിച്ചിരിക്കുന്ന നയം, കുടികിടപ്പുകാരൻ താമസിക്കുന്ന ഭൂമിയുടെ ഓണറോ കൈവശക്കാരനോ ആരാണോ അയാഴംക്കും അയാളുടെ കുടുംബത്തിനും—ഇവേഡ് ചെയ്യുന്ന പ്രൊവിഷനുണ്ടെന്നേ പറഞ്ഞതുകൊണ്ട് ഇത് പ്രത്യേകമായി പറയുന്നത്—പ്രത്യേകമായി എഴുതിച്ചേർത്തിട്ടുണ്ട്. കുടുംബത്തിന്, പേഴ്സൺ എന്ന് പറയുന്നിടത്ത് ഫാമിലി വരുമെന്നും, ഫാമിലിയ്ക്ക് കൂട്ടായും ഹോൾഡ് ചെയ്യാമെന്നുമാണ് വിശദീകരണം കൊടുത്തിട്ടുള്ളത്. അവർക്ക് ഒരേക്കറിന് താഴെയാണ് ഭൂമിയെങ്കിൽ 10, 5, 3 സെൻറും, രണ്ടേക്കറിന് താഴെയാണെങ്കിൽ 6, 10, 20 സെൻറും, മൂന്നേക്കറിന് താഴെയാണെങ്കിൽ 9, 15, 30 സെൻറും, നാലേക്കറിന് താഴെയാണെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ 12, 20, 40 സെൻറും, അഞ്ചേക്കറിന് താഴെയാണെങ്കിൽ 15, 25, 50 സെൻറും, ഈ വിധത്തിൽ ഭൂമി വാങ്ങിക്കാമെന്നാണ് പ്രൊവിഷൻ എഴുതി ച്ചേർത്തിട്ടുള്ളത്. ഇത് എഴുതിച്ചേർക്കുമ്പോഴും പഞ്ചായത്ത് ഏരിയായി ലാണെങ്കിൽ കുടികിടപ്പുകാരന് വാങ്ങിക്കാവുന്ന ഭൂമി മുനിസിപ്പൽ ഏരി യായിലും കോർപ്പറേഷൻ ഏരിയായിലും 'എ' ക്ലാസായിട്ടു അംഗീകരിച്ചി ട്ടുള്ളതിൽ മൂന്ന് സെൻറു വീതവും മറ്റു മുനിസിപ്പൽ ഏരിയായിൽ അഞ്ചു സെൻറു വീതവും വാങ്ങിക്കാനുള്ള അവകാശമുണ്ട്. ഈ നിബ ന്ധനകൾക്ക് വിധേയമായി രണ്ടേക്കറിന് താഴെയല്ലാതെ ഭൂമി ഉടമസ്ഥൻമാ രുടേയോ കൈവശക്കാരൻറേയോ ഭൂമിയിൽ താമസിക്കുന്ന ആളുകൾക്ക് അവ രുടെ കുടികിടപ്പുകാരുടെ എണ്ണം കൂടുകയാണെങ്കിൽ വാങ്ങിക്കാനുള്ള പരിധി പറഞ്ഞിരിക്കുന്ന ഭൂമിയെക്കാൾ കൂടുതലാണെങ്കിൽ ഓരോരു ത്തർക്കും പരിധിയിൽ കവിയാത്ത മൂന്നു സെൻറു വീതം വാങ്ങിക്കാനുള്ള അവകാശം ഉണ്ടായിരിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 50 സെൻറുവരെ വാങ്ങിക്കാനുള്ളതിൽ കുടികിടപ്പുകാരനായി വരുന്നവർ നാൽപതുപേരുണ്ടെങ്കിൽ അൻപത് സെൻറിനു പകരം 12½ സെൻറു വാങ്ങി ക്കാനുള്ള അവകാശമുണ്ട്. പക്ഷെ അത് ഒരു ഏക്കറോ രണ്ടേക്കറിന് താഴെയോ ഭൂമിയുള്ളവരിൽനിന്നും വാങ്ങിക്കാനുള്ള അവകാശമില്ല, അതിൽ കൂടുതലുള്ളവരിൽനിന്നാണ് വാങ്ങിക്കേണ്ടത്. ഇതിൽ എന്തോ ചെറിയ വ്യത്യാസം ഇല്ലേയെന്നു ചോദിച്ചാൽ, ഉണ്ട്. കാർഷിക പരിഷ്കരണ നിയ മത്തിൽ ഉടനീളം അംഗീകരിച്ചിട്ടുള്ള തോതിൽ ചെറുകിടക്കാരൻറെ കാര്യ ത്തിൽ നാം അനുവർത്തിച്ചിരിക്കുന്ന തത്വം കുടികിടപ്പുകാരൻറെ കാര്യ ത്തിൽ അനുസരിക്കുന്നുവെന്നേയുള്ളൂ. നിശ്ചയിച്ചിട്ടുള്ള ലിമിറ്റു കഴിഞ്ഞിട്ട് ബാക്കിയുള്ള കൂടുതൽ ഭൂമി പർച്ചൈസ് ചെയ്യാനുള്ള അവ കാശം കൊടുത്തിട്ടുണ്ട്. ഇതാണ് കുടികിടപ്പുകാരനെ സംബന്ധിച്ച് നിദാനമായി എഴുതിച്ചേർത്തിട്ടുള്ളത്. ഇത് പറയുമ്പോഴും ആദ്യമായി ശ്രീ. അഹമ്മദിൻെറ ഭാഗത്തുനിന്നും ഉണ്ടായ ഒരു സംശയത്തിന് മറുപടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വകുപ്പ് ഭരണഘടനയുടെ 26-ാം ആർട്ടിക്കിളിന് എതിരായിരിക്കുകയില്ലേയെന്നുള്ള വിധത്തിൽ ഒരു ചോദ്യം ശ്രീ. അഹമ്മദിൻെറ ഭാഗത്തുനിന്നും വരികയുണ്ടായി. അദ്ദേഹം അതു പറഞ്ഞുകൊണ്ട് ഭരണഘടനയുടെ 26-ാം ആർട്ടിക്കിൾ വായിക്കുകയുണ്ടായി. 26-ാം ആർട്ടിക്കിളിൽ പറയുന്നത്

Subject to public order, morality and health, every religious denomination or any section thereof shall have the right:

(a) to establish and maintain institutions for religious and charitable purposes;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property; and

(d) to administer such property in accordance with law.

എന്നാണ്. സർ, "to administer such property in accordance with law"; ഇതു പറയുമ്പോൾ 'right to own property' എന്ന് പറയുന്നത് ദേവസ്വങ്ങ ളുടേയും ഇൻസ്റ്റിറ്റ്യൂഷനുകളുടേയും എല്ലാം ഭൂമികളെ സംബന്ധിച്ചും ഏത് വിധത്തിലുള്ള നിയന്ത്രണങ്ങളും വരുത്താം എന്നുള്ളതിനെ സംബ ന്ധിച്ചുള്ള ഭരണഘടനാപരമായ കാര്യങ്ങളാണ്. ഇതിൽ ട്രസ്റ്റിൻെറ കൈവശമുള്ള പ്രോപ്പർട്ടി എന്തെല്ലാം ആയിരിക്കണമെന്നുള്ളതിന് റസ്ട്രി ക്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂഷൻസ് ഉടമ വയ്ക്കുന്നത് ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് ഏതു വിധത്തിലുള്ള റസ്ട്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ക്ഷൻ വയ്ക്കാമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണങ്ങളാണ് വച്ചിരിക്കുന്നത്. The right to administer property and, right to own property will, of course, be subject to authority of law regarding acquisition. അക്വയർ ചെയ്യാനുള്ള അതാറിട്ടികൂടി ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്വിസിഷൻ നടത്തുമ്പോഴും അത് എന്തുമാത്രം എന്നുള്ളതിനെ സംബന്ധിച്ചാണ് ഇപ്പോഴുള്ള വ്യവസ്ഥ. കുടികിടപ്പുകാരന്റെ മാത്രം പ്രശ്നത്തിൽ അവർ വാങ്ങിക്കുകയാണെങ്കിൽ അത്യാപത്ത് വരികയില്ല. കുടികിടപ്പുകാരൻ ഭൂമി വാങ്ങിക്കുമ്പോഴും അവരുടെ കൈയിലുള്ള ഭൂമി പിടിച്ചെടുക്കുന്നതിന് ഉതകുകയില്ലേയെന്നുള്ള സംശയമാണ് ശ്രീ. അഹമ്മദ് രേഖപ്പെടുത്തിയത്. ഈ നിയമത്തിലുള്ള എല്ലാ വകുപ്പുകളും, കുടിയാൻമാരെ സംബന്ധിച്ചുള്ള വകുപ്പുകളും, ഈ നിയമം ചർച്ച ചെയ്ത അവസരത്തിലും ഡ്രാഫ്റ്റു ചെയ്ത അവസരത്തിലും, അത് കഴിഞ്ഞ് സെലക്ടു കമ്മിറ്റി സ്റ്റേജിലും എല്ലാംതന്നെ ഭരണഘടനയുടെ ആർട്ടിക്കിൾ 26-ന് എന്തുമാത്രം വിപുലമാണ്, അവരുടെ അധികാരം എന്തുമാത്രം ഉണ്ടായിരിക്കും എന്നെല്ലാമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായ സൂക്ഷ്മപരിശോധന നടത്തിയിട്ടുണ്ട്. കാരണം ഈ നിയമം പാസ്സാക്കുകയാണെങ്കിൽ ഏറ്റവും വേഗം നടപ്പിലാക്കാനും ഭരണഘടനയുടെ ഭാഗത്തുനിന്നും തർക്കങ്ങളും ഉദിക്കാതിരിക്കുന്നതിനുമാണ്. നമ്മുടെ നാട്ടിൽ ഒരു നിയമം പാസ്സായാൽ പിറ്റെ ദിവസം ആളുകളും കോടതിയിൽ പോകാതിരിക്കുകയില്ല. പോകുമെന്നുള്ളത് തീർച്ചയാണ്.

ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ റൂളിംഗിനെ സംബന്ധിച്ച് ചില കാര്യങ്ങളും നിയമസഭയുടെ മുമ്പിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. അക്വിസിഷൻ നടത്തുമ്പോഴും റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനുകളുടെ വരുമാനത്തെ ബാധിക്കുമെന്ന് പറയുന്ന ആളുകളോട് എനിക്ക് പറയുവാനുള്ളത് ഫെയർ റെന്റു ഏർപ്പെടുത്തിയാലും വരുമാനത്തെ ബാധിക്കുമെന്നാണ്. ചില കാര്യങ്ങളിൽ ഫെയർ റെന്റു കോൺട്രാക്ടു റെന്റിനേക്കാളും കുറവു വരും. ലാൻഡ് ലെജിസ്ലേഷനെ സംബന്ധിച്ചും ബാക്കിയുള്ള നിയമങ്ങളും നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പ്രത്യേകം വകുപ്പുകളും ഉപയോഗിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റുകൾക്ക് ഫെയർ റെന്റു ഏർപ്പെടുത്താനും ആ വിധത്തിൽ നിയന്ത്രണങ്ങളും ഏർപ്പെടുത്താനും അവകാശമുണ്ടെന്നേ സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത് 1966 Supreme Court 1172—Fair rent for religious institutions upheld in Mysore even without protection of estate എന്നാണ്. മൈസൂറിലെ ഭൂമികളെ സംബന്ധിച്ച് 1966-ൽ സുപ്രീം കോടതി 1172 ഫെയർ റെന്റു ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള വിധിയിൽ uphold (പിൻതാങ്ങി) ചെയ്തിരിക്കുകയാണ്. അതിന് സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്, സംസ്ഥാന ലെജിസ്ലേഷന് അധികാരമുണ്ട്. ആ വിധത്തിൽ കർഷക തൊഴിലാളികളും താമസിക്കുന്ന ഭൂമികളും കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാംതന്നെ അഗ്രിക്കൾച്ചറൽ ലാൻഡ് അല്ലാത്തതൊന്നുമില്ല. അഗ്രിക്കൾച്ചറൽ ലാൻഡ് കേരളത്തെ സംബന്ധിച്ചത്രയും മുഴുവൻ ഭൂമിയും എസ്റ്റേറ്റിന്റെ നിർവചനത്തിൽപെടുന്നതാണ്. കുടിയാന്റെ കൈവശം ഇരിക്കുന്നത് മാത്രമല്ല കുടികിടപ്പുകാരനും കർഷക തൊഴിലാളിയാണ്, അവർ താമസിക്കുന്ന ഭൂമിയും എല്ലാംതന്നെ വ്യക്തമായിട്ടുള്ള നിലയിൽ എസ്റ്റേറ്റിന്റെ ഡഫനിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട് ലെജി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷൻ ചെയ്യാനും സാമാന്യമെന്നുള്ള നിലയിൽ നിയന്ത്രണങ്ങളും വരുത്താനും ഫെയർ റെൻറ് ഏർപ്പെടുത്താനും അവകാശമുണ്ട്. ഇതെല്ലാം തന്നെ പ്രതിഫലം കൊടുക്കാനുള്ളതുമാണ്. കർഷക തൊഴിലാളികളെ സംബന്ധിച്ചിത്രയും ചെയ്യാൻ അവകാശമുണ്ടെന്നാണ് 1966-ലെ സുപ്രീം കോടതിയുടെ വിധിയിൽ പറഞ്ഞിട്ടുള്ളത്. എ.ഐ.ആർ. 1952-ലെ സുപ്രീം കോടതി 252 ടെനൻസി അബോളിഷൻ യു.പി.യിലേയും upheld ചെയ്തതായി വിധി ഉണ്ടായിട്ടുണ്ട്. അത് ഞാൻ ഇവിടെ കൊണ്ടുവന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുടികിടപ്പുകാരന് പർച്ചേസ് ചെയ്യുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നത്, റിലീജിയസ് ഇൻസ്റ്റിറ്റിറ്റ്യൂഷനുകളെ സംബന്ധിച്ച് കുടിയാന് കൊടുത്തിട്ടുള്ള അവകാശങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ വരത്തക്കവിധത്തിലാണ് പ്രൊവിഷൻ എഴുതി ച്ചേർത്തിട്ടുള്ളത്. അതുകൊണ്ട് ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 26-നെ അഫക്ടു ചെയ്യുമെന്ന് ഗവൺമെൻറിന് അഭിപ്രായമില്ല. ഗവൺമെൻറിന് കിട്ടിയ നിയമോപദേശവും അതാണ്. അതുകൊണ്ട് നിലനിൽക്കുന്നതു തന്നെയാണ് ഇത്. ഇക്കാര്യത്തെപ്പറ്റി ഇന്നലെയും ദീർഘമായി ചർച്ച നടത്തുകയും നിയമോപദേശം കിട്ടുകയും ചെയ്തിട്ടുണ്ട്. മറ്റു വകുപ്പുകളെക്കാൾ പ്രത്യേകമായി ഇതിൽ യാതൊന്നുംതന്നെ കൂടുതലായിട്ടില്ല. ഇത് നിലനിൽക്കുമോയെന്ന് സംശയം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. അഹമ്മദ് ഇക്കാര്യം ഉന്നയിച്ചതുകൊണ്ട് ഞാനിതു പറയുകയാണ്. തീർച്ചയായും നിയമസഭയിൽ ഒരു നിയമം വരുമ്പോൾ അതിൻറെ എല്ലാ വശവും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള താൽപര്യമാണ് ഉള്ളത്, ഗവൺമെൻറിന് കിട്ടിയ നിയമോപദേശം അനുസരിച്ചുതന്നെയാണ് എഴുതിയിട്ടുള്ളത്. ഈ നിയമം 9-ാം ഷെഡ്യൂളിൽ ചേർത്താൽപോലും പ്രൊട്ടക്ഷൻ കിട്ടുകയില്ലെന്ന് ശ്രീ. അഹമ്മദു പറയുകയുണ്ടായി.

ശ്രീ. ഇ. അഹമ്മദ്: ഞാൻ പറഞ്ഞത് ഈ നിയമം ഷെഡ്യൂളിൽ ചേർത്താലും ഭരണഘടനയുടെ 26-ാം വകുപ്പുപ്രകാരം ചലൻജ് ചെയ്യാനുള്ള അവകാശം ഇല്ലാതാകുകയില്ലെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: നിയമം കോടതിയുടെ വിധിയ്ക്ക് വിധേയമാകാൻ പാടില്ലെന്നും, അതിൽ യാതൊരു റിട്ട് പെറ്റീഷനും പാടില്ലെന്നുമാണ് ഒരു നിയമം 9-ാം ഷെഡ്യൂളിൽ പെടുത്തുന്നതിൻറെ അർത്ഥം. 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നത് വകുപ്പല്ല, നിയമമാണ്. 9-ാം ഷെഡ്യൂളിൽ ചേർത്ത നിയമങ്ങളെ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 26 അനുസരിച്ചോ മറ്റു വിധത്തിലോ യാതൊന്നുംതന്നെ ചോദ്യം ചെയ്യാൻ പാടില്ല. നിയമത്തിന് എല്ലാ വിധത്തിലുമുള്ള പ്രൊട്ടക്ഷനും ഏർപ്പെടുത്തുകയാണ്. ഈ നിയമം 9-ാം ഷെഡ്യൂളിൽ ചേർക്കുമോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നമാണ്. മുമ്പു ഇവിടെ ഉണ്ടായിരുന്ന നിയമം 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതായിരുന്നു. ഇത് അതിൻറെ അമെൻറുമെൻറാക്കാണ്. ഇത്തരത്തിലുള്ള ഒരു അമെൻറുമെൻറു ബിൽ കൊണ്ടുവരാൻ ഈ ഗവൺമെൻറിനെ പ്രേരിപ്പിക്കുകയും സഹായകരമായി നിൽക്കുകയും ചെയ്തത് ഇതിനു മുമ്പുണ്ടായിരുന്ന നിയമം ഷെഡ്യൂളിൽ ചേർത്തുവെന്നുള്ളതുകൊണ്ടല്ല. കഴിഞ്ഞ വിധി വന്നതിനുശേഷം ഫ്യൂച്ചർ അമെൻറുമെൻറു ഓഫ് കാൺസ്റ്റിറ്റ്യൂഷൻ വന്നോ ഇല്ലയോ എന്നെനിക്കു അറിയില്ല. കാരണം ഇപ്പോൾ കോടതിയുടെ ലാ റിപ്പോർട്ടൊന്നും നോക്കാത്തതുകൊണ്ട് അറിഞ്ഞുകൂടാ. ഏതായാലും ഇതുപോലെയുള്ള ഒരു നിയമം 9-ാം ഷെഡ്യൂളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ചേർത്താലും ഇല്ലെങ്കിലും, ഈ നിയമം ഇവിടെ കൊണ്ടുവരാനും ഭേദഗതി ചെയ്യാനും ഇടയായത് കുടിയാനും കുടികിടപ്പുകാരനും അഗ്രികൾച്ചറൽ ലാൻഡിനെ സംബന്ധിച്ച് കൂടുതൽ ആശ്വാസം കൊടുക്കാനും പ്രൊട്ടക്ഷൻ കൊടുക്കാനുമാണ്. അതിനാവശ്യമായി ഈ നിയമത്തിലെ വ്യവസ്ഥകളെ നിയന്ത്രിക്കാനുള്ള അധികാരം ഭരണഘടനയുടെ 17-ാമത്തെ അമെൻറുമെൻറു 31(എ) അനുസരിച്ച് കിട്ടിയിട്ടുണ്ട്. എസ്റേറ്റിന്റെ നിർവചനത്തിൽ വന്നിട്ടുള്ള വ്യത്യാസം വെച്ചുകൊണ്ട് സംസ്ഥാന ഗവൺമെൻറുകൾക്ക് എസ്റേറ്റിന്റെ നിർവചനത്തിൽപെടുന്ന ഭൂമികളെ സംബന്ധിച്ച് ലെജിസ്ലേറ് ചെയ്യാനുള്ള അവകാശമുണ്ട്. കേരളത്തിലെ ഭൂമികളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ എല്ലാ ഭൂമികളും എസ്റേറ്റിന്റെ വ്യാഖ്യാനത്തിൽ വരുന്നതായതുകൊണ്ട് ലെജിസ്ലേറു ചെയ്യാനുള്ള അവകാശമുണ്ട്. അങ്ങനെ ഇതൊരു അമെൻറുമെൻറു ബില്ലായി കൊണ്ടുവന്നിരിക്കുകയാണ്. ഇതാണ് ഇതിനെക്കുറിച്ചുള്ള വസ്തുതകൾ.

ഇനി ഞാൻ വകുപ്പിലേക്ക് കടക്കുകയാണ്. ഇവിടെ ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള സംസാരിച്ചപ്പോൾ പറയുകയുണ്ടായി 15 ലക്ഷത്തോളം കുടികിടപ്പുകാർ ഉണ്ടെന്ന്. എത്രത്തോളം കുടികിടപ്പുകാർ ഉണ്ടെന്നുള്ളതിനെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. എനിക്കു കണക്കില്ല. കാരണം ഇന്നലെ സ്മാം ഹോംഡേഴ്സിന്റെ കണക്ക് ചോദിച്ചപ്പോഴുണ്ടായ അനുഭവംവച്ച് ക്ലിപ്തമായി പറയാൻ സാധ്യമല്ല. അതുകൊണ്ട് എത്ര കുടികിടപ്പുകാരുണ്ടെന്ന് ക്ലിപ്തമായി പറയാൻ സാധ്യമല്ല. അതിനു മറെറാരു കാരണം കൂടിയുണ്ട്. കുടികിടപ്പുകാരൻ ഇത്രകാലത്തിനിടയിൽ രജിസ്റർ ചെയ്യണമെന്നു പറഞ്ഞുകൊണ്ട് പഴയ നിയമത്തിൽ ഒരു വ്യവസ്ഥയുണ്ടായിരുന്നു. അതനുസരിച്ച് ഇന്നാട്ടിലെ മുഴുവൻ കുടികിടപ്പുകാരനും ആപ്ലിക്കേഷൻ കൊടുത്ത് രജിസ്റർ ചെയ്യുന്നതിനുള്ള ഒരു സംരംഭം നടന്നിട്ടില്ല. മുഴുവൻപേരും ആപ്ലിക്കേഷൻ കൊടുത്തിട്ടില്ല. പിന്നെ കൊടുത്ത ആപ്ലിക്കേഷൻതന്നെ യാഥാസ്ഥിതികത്വത്തിന്റെയും ചില ടെക്നിക്കാലിറിയുടെയും പേരിൽ തള്ളപ്പെട്ടു പോയിട്ടുമുണ്ട്. പഴയ നിയമത്തിൽനിന്നും വ്യത്യസ്തമായി വളരെ ക്കൂടുതൽപേരെ കുടികിടപ്പുകാർ എന്ന് അംഗീകരിക്കത്തക്കവിധത്തിൽ കുടികിടപ്പുകാരന്റെ നിർവ്വചനം ഈ നിയമത്തിൽ വിപുലപ്പെടുത്തിയിട്ടുണ്ട്. മുമ്പ് ഒരിഞ്ചു ഭൂമിയില്ലാത്തവനാണ് കുടികിടപ്പുകാരൻ. മോർട്ടുഗേജായി എഴുതിപ്പോയിട്ടുണ്ടെങ്കിൽ അവനെ കുടികിടപ്പുകാരനായി അംഗീകരിച്ചിരുന്നില്ല. കൈമാറംചെയ്ത ആളുകളെ അംഗീകരിച്ചിരുന്നില്ല. വേറെ പലരേയും അംഗീകരിച്ചിരുന്നില്ല. ഇന്നത്തെ നിലയിൽ കുടികിടപ്പുകാരന്റെ നിർവ്വചനം വ്യാപ്തമാക്കുകയും വളരെക്കൂടുതൽ കുടികിടപ്പുകാർക്ക് സംരക്ഷണം കൊടുക്കുകയും ചെയ്തു. അങ്ങനെ നോക്കുമ്പോൾ ഒരു പത്തുമാസത്തിനു മുൻപുണ്ടായിരുന്ന കുടികിടപ്പുകാരുടെ എണ്ണത്തിൽനിന്നും വളരെക്കൂടുതൽ ഇന്നുണ്ടാകും. ഈ കുടികിടപ്പുകാരെ സംബന്ധിച്ച് ഇനി വേറൊരുകാലത്ത് യാതൊരു ലജിസ്ലേഷനും വേണ്ടിവരികയില്ലെന്നല്ല ഞാൻ പറയുന്നത്. അങ്ങനെ വേണ്ടിവരും. എന്റെയും എന്റെ പാർട്ടിയുടേയും അഭിപ്രായമാണെങ്കിൽ കുടികിടപ്പുകാർക്ക് കൊടുക്കുന്ന അഞ്ചോ പത്തോ സെൻറു ഭൂമി അവരെ സംബന്ധിച്ചിടത്തോളം തൃപ്തികരമാകുമെന്നല്ല. അവർ താമസിക്കുന്ന ഭൂമി (അഞ്ചോ പത്തോ സെൻറ്) ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു ജീവിക്കാനല്ല. പത്തു സെൻറുകൊണ്ട് അവർക്ക് കൃഷിചെയ്തു ജീവിക്കുവാൻ പറ്റുമോ ?

ശ്രീ. കെ. കരുണാകരൻ: കൃഷിചെയ്തു ജീവിക്കാൻ എന്നല്ല പറഞ്ഞത്. ചുറ്റുപാടുമുള്ള സ്ഥലത്ത് എന്തെങ്കിലും ഉൽപാദിപ്പിച്ച് അനുഭവിക്കാൻ എന്നാണു പറഞ്ഞത്. റവന്യൂമന്ത്രിക്ക് സഭയിലിരിക്കുമ്പോൾ ഇത്ര ഓർമ്മക്കുറവു വരുമെന്നു ഞാൻ വിചാരിച്ചില്ല.

ശ്രീമതി കെ. ആർ. ഗൗരി: അവർ കൃഷിചെയ്തു ജീവിച്ചുകൊള്ളട്ടെ എന്ന വിധത്തിലാണ് പത്തു സെൻറു കൊടുത്തത് എന്നാണ് പറഞ്ഞത്. ആ വിധത്തിലാണ് വാക്കുകൾ പുറത്തുവന്നത്. മനസ്സിലുണ്ടായിരുന്നത് എന്താണെന്ന് എനിക്കറിയുകയില്ല. അങ്ങനെയല്ല ഉദ്ദേശിച്ചതെങ്കിൽ ഞാൻ അതിൽ സന്തോഷിക്കുന്നു. അഞ്ചു സെൻറും പത്തു സെൻറും എന്നു പറയുന്നത് അവർക്ക് കെട്ടിടം വയ്ക്കാനും അങ്ങോട്ടുമിങ്ങോട്ടും സുഖമായി ഇറങ്ങി സഞ്ചരിക്കുന്നതിനും നടക്കുന്നതിനും ഉള്ളതാണ്. അവർക്കു സുഖമായി ജീവിക്കണമെങ്കിൽ ഇനിയും നമ്മൾ നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടിവരും. ഒരുകാലത്ത് ഭൂമി എന്നു പറയുന്നത് ഭൂമിയിൽ അധ്വാനിക്കുന്നവൻറേതു മാത്രമാകുകയും ജൻമിയായാലും ഇടനിലക്കാരനായാലും അവൻറേത് അല്ലാതാകുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ നാമാരും സംശയിക്കേണ്ടതില്ല.

ശ്രീ. കെ. കരുണാകരൻ: എത്ര പുതിയ നിയമങ്ങൾ കൊണ്ടുവന്നാലും ഇന്നത്തെ നിലയിലാണ് കാര്യങ്ങൾ നടക്കുന്നതെങ്കിൽ സുഖമായി ജീവിക്കാനുള്ള സൗകര്യം ഉണ്ടാകുകയില്ല എന്നുള്ളതല്ലേ യാഥാർത്ഥ്യം ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ജീവിക്കാൻ അവർക്കു സൗകര്യം കിട്ടണമെങ്കിൽ.....

ശ്രീ. കെ. കരുണാകരൻ: ഞാൻ പറഞ്ഞത് ഇന്നത്തെ രാഷ്ട്രീയ സാഹചര്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി: രാഷ്ട്രീയമാണെങ്കിൽ പലർക്കും ദഹിക്കാതെ വരും. കാരണം പാവപ്പെട്ടവൻ അവൻറെ റൈറ്റ് അസർട്ടു ചെയ്യുകയാണെങ്കിൽ അതു ചിലർക്കെല്ലാം ദഹിക്കാതെ വരും. ഞങ്ങൾക്കും ഇവിടെ ജീവിക്കാൻ അവകാശമുണ്ടെന്നുള്ള നിലയിൽ പാവപ്പെട്ടവൻ അവൻറെ റൈറ്റ് അസർട്ടുചെയ്താൽ അതു ദഹിക്കാത്ത പലയാളുകളും ഉണ്ട്. താമസസൗകര്യത്തിൻറെ കാര്യത്തിൽ മാത്രമല്ല, തൊഴിൽ സൗകര്യമായാലും മറ്റെന്തു സൗകര്യമായാലും ഈ രാജ്യത്തെ മറ്റു വിഭാഗങ്ങളെപ്പോലെ ഈ രാജ്യത്തു തൊഴിൽ ചെയ്യുകയും ഈ രാജ്യത്ത് സമ്പത്തുൽപാദിപ്പിക്കുകയും ചെയ്യുന്ന വിഭാഗങ്ങൾ അവരുടേതായ ജീവിതത്തിന് അത്യന്താപേക്ഷിതമായ കാര്യങ്ങൾ സാധിക്കാൻവേണ്ടി, അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളെ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും തെറ്റിദ്ധരിപ്പിക്കപ്പെടുകയും അവകാശധ്വംസനമാണെന്നു ദുരാരോപണം നടത്തുകയും ചെയ്യുന്ന പതിവ് ഇന്നാട്ടിലുണ്ട്. ഒരു സോഷ്യലിസ്റ്റു സാമൂഹ്യക്രമം വന്നാലും സോഷ്യലിസ്റ്റു രാജ്യങ്ങളിൽപോലും ഈ രീതിയിലുള്ള പ്രവർത്തനങ്ങൾക്കെതിരായി മാനസിക വികാരങ്ങൾ ഇളക്കിവിടാനുള്ള പ്രവർത്തനങ്ങളുണ്ട്. ഉള്ളിലുള്ള പഴയ അടിമത്ത സ്വഭാവം ഒന്നോ രണ്ടോ ദിവസങ്ങൾകൊണ്ടുമാത്രം മാറാറാവുന്നതല്ല. അതു തുടർച്ചയായ പ്രവർത്തനംകൊണ്ടുമാത്രമേ മാറ്റാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: ഇനി നമുക്ക് ബില്ലിന്റെ വകുപ്പുകളിലേയ്ക്കു വരാം. ഞങ്ങൾക്കു ചില സംശയങ്ങളെല്ലാമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സംശയങ്ങൾക്ക് വഴങ്ങുന്നതെല്ലാം ഒടുവിലാകുന്നതാണ് നല്ലത്. ഈ നിയമത്തെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ അവകാശപ്പെടുന്നില്ല, ഈ രാജ്യത്തുള്ള മുഴുവൻ കുടികിടപ്പുകാരും ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ പിറേറദിവസം അവർ താമസിക്കുന്ന വസ്തുവിന്റെ ഓണർ ആകുമെന്ന്. ഞാൻ ഉള്ളതു പറയുകയാണ്. പക്ഷേ വളരെ തുച്ഛമായ, മൂന്നോ നാലോ ശതമാനം ഒഴിച്ച് ബാക്കിയുള്ള കുടികിടപ്പുകാർക്കെല്ലാം നമ്മുടെ ഈ നിയമപ്രകാരം പർച്ചേസ് ചെയ്യാനുള്ള അവകാശം കൺഫർ ചെയ്യുന്നുണ്ട്. പിന്നെ ഇന്നലെ ശ്രീ. കരുണാകരനോ മറേറ (ആരാണെന്നു വ്യക്തമായി ഞാൻ ഓർക്കുന്നില്ല) പറയുകയുണ്ടായി കോസ്റൽ ഏരിയാ, മലയോരപ്രദേശങ്ങൾ മററു പ്രദേശങ്ങൾ ഈ വിധത്തിൽ നിയമം ഉണ്ടാക്കിക്കൂടേ എന്ന്. അതും പററുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഒരു സംശയം ചോദിക്കട്ടെ.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ചന്ദ്രശേഖരൻ നായർക്ക് വഴങ്ങിയാൽ മററുള്ളവർ ചോദിക്കും അതെന്താണെന്ന് ? അതുകൊണ്ടു ഞാൻ വഴങ്ങുന്നില്ല. ആ നിലയിൽ കുടികിടപ്പുകാരെ സംബന്ധിച്ച് വളരെ തുച്ഛമായ ഒരു വിഭാഗം ഒഴിച്ച് ബാക്കിയുള്ളവർക്ക് പർച്ചേസ് ചെയ്യാനുള്ള പ്രൊവിഷൻ ഏതുവിധത്തിൽ ക്രമീകരിക്കാമെന്നു നോക്കിയിട്ടാണു രണ്ടും രണ്ടേക്കറിനു മുകളിലുമുള്ളവരിൽനിന്നും മിനിമം മൂന്നു സെൻറു വാങ്ങിക്കാൻ അവകാശമുണ്ടെന്നും അഞ്ചിൽക്കൂടുതൽ ഭൂമിയുള്ളവരാണെങ്കിൽ എല്ലാ കുടികിടപ്പുകാർക്കും പത്തു സെൻറു ഭൂമി വാങ്ങിക്കുന്നതിന് അവകാശമുണ്ടെന്നും വച്ചിട്ടുള്ളത്. ഇതാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പിന്നെ ന്യൂനപക്ഷത്തിന്റെ കാര്യം പറയുകയാണെങ്കിൽ ഉദാഹരണമായി ഇവിടെ അടുത്തുള്ള ചിറയിൻകീഴ് പ്രദേശംതന്നെ എടുക്കാം. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ പോയി കാണാവുന്നതാണ്. ചിറയിൻകീഴ് പ്രദേശമാണു ഞാൻ ഉദ്ദേശിക്കുന്നത്. അവിടെ കുറഞ്ഞത് ഒരേക്കറിൽ 20–ം 25–ം കുടികിടപ്പുകാരൻ ഉണ്ടാകും. അഞ്ചുതെങ്ങു കായലിനു ചുററുമുള്ള പ്രദേശം ഒന്നു കണ്ടാൽ മതി. അവർക്ക് അവിടെനിന്നും കിട്ടുന്ന നാളികേരത്തിൽ ഉള്ള അവകാശമാണാവശ്യം.

ഇന്നു കുടികിടപ്പുകാരൻ താമസിക്കുന്ന വീട് ഒന്നു പുതുക്കിപ്പണിയാൻ, വീടൊന്നു വലുതാക്കാൻ കാലാകാലങ്ങളിൽ കുടുംബത്തിലുണ്ടാകുന്ന മാററങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും അനുസരിച്ച് കുടുംബാംഗങ്ങൾക്ക് ഒന്നു നീണ്ടുനിവർന്നു കിടക്കാൻ ഇന്ന് അവകാശമില്ലെന്നുള്ളത് ഒരു സത്യമാണ്. അതുമാത്രമല്ല മനുഷ്യൻ മനുഷ്യനെന്നുള്ള നിലയിൽ ജീവിക്കത്തക്ക വിധത്തിലുള്ള ഈസ്മെൻറു റൈറുപോലുമില്ല. ഇതിനെ സംബന്ധിച്ച് ശ്രീ. എ. എസ്. പുരുഷോത്തമൻ ഒരു ഭേദഗതി കൊണ്ടുവന്നിരുന്നു. അതായത് അവർക്ക് കക്കൂസും കുളിമുറിയും പണിയുന്നതിന് അവസരം ലഭിക്കുന്ന വിധത്തിലുള്ള വ്യവസ്ഥ ഉൾക്കൊള്ളുന്നതായിരുന്നു ആ ഭേദഗതി.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു ചോദ്യം ചോദിക്കട്ടെ.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ യീൽഡു ചെയ്യുന്നില്ല. ആ വിധത്തിൽ ഭേദഗതി ചെയ്യണമെന്നു അഭിപ്രായവുമുണ്ട്. കുടികിടപ്പു

LIBRARY ARCHIVES Kerala Legislative Assembly

കാരനെ താമസിപ്പിക്കുന്ന ഭൂമിയിൽനിന്നും മാറ്റി താമസിപ്പിക്കാതിരിക്കാനുള്ള ആഗ്രഹവും ഉണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് ഈ നിയമനിർമ്മാണത്തിൽ ആവശ്യമായിട്ടുള്ളവിധം കുടികിടപ്പുകാരെ കൂടുതൽ ഉൾക്കൊള്ളിക്കുന്ന മാറ്റം വരുത്തിയിട്ടുള്ളത്.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ വഴങ്ങുന്നില്ല.

ശ്രീ. കെ. കരുണാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർമാൻ: ഓർഡർ, ഓർഡർ. ശ്രീ. ഇ. അഹമ്മദ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി യീൽഡ് ചെയ്യുന്നില്ല എന്നു പറഞ്ഞാൽ പിന്നെ ചോദ്യം ചോദിക്കാൻ പാടുണ്ടോ?

ചെയർമാൻ: പാടില്ലെന്നാണു നിയമം.

ശ്രീ. കെ. കരുണാകരൻ: ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ആ നിയമ നിർമ്മാണത്തെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ മെമ്പറൻമാർക്കുണ്ടാകുന്ന സംശയങ്ങൾ അപ്പോഴപ്പോൾ തീർത്ത് മുന്നോട്ടുപോകുന്നത് നിയമ നിർമ്മാണത്തിനു സഹായകമായ ഒരു നിലപാടായിരിക്കും. അങ്ങനെ ചെയ്യാൻ കൂട്ടാക്കാതെ ചോദ്യങ്ങൾക്കു വഴങ്ങാതിരിക്കുന്നതു ശരിയാണോ; വഴങ്ങുന്നതല്ലേ സഭാനടപടികളുടെ സുഗമമായ പ്രവർത്തനത്തിനു സഹായകം?

ചെയർമാൻ: അത് പോയിന്റ് ഓഫ് ഓർഡർ അല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഓരോ പോയിന്റ് റെയിസ് ചെയ്യുമ്പോഴും അതിന് കീഴ്വഴങ്ങണമെന്നു തുടങ്ങിയാൽ അതിനോടു ഞാൻ യോജിക്കുന്നില്ല. ഓരോ വകുപ്പായിട്ടാണ് പറയുന്നത്. ഓരോ വകുപ്പു വരുമ്പോഴും മെമ്പറൻമാർക്ക് പറയാനുള്ള കാര്യത്തെപ്പറ്റി.....

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു സബ്മിഷൻ

ശ്രീമതി കെ. ആർ. ഗൗരി: ഇല്ല സർ, ഞാൻ വഴങ്ങുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ വെറും കടും പിടുത്തം പിടിക്കുന്നതുപോലെയാണെന്നു തോന്നുന്നു. ശ്രീ. കെ. ടി. ജോർജ്ജിനെപ്പോലെ പ്രമുഖനായ ഒരു അഭിഭാഷകന് നിയമപരമായ ചില സംശയങ്ങളുണ്ടാകും. അദ്ദേഹം എന്തെങ്കിലും സംശയം ചോദിച്ചാൽ സംശയ നിവാരണം വരുത്തി കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി പെരുമാറുന്നതിനുപകരം വഴങ്ങുന്നില്ല, വഴങ്ങുന്നില്ല എന്നാണു പറയുന്നത്. ശ്രീ. ജോർജ്ജ് പലപ്രാവശ്യം കേണപേക്ഷിച്ചിട്ടും അനുവദിച്ചില്ല. നിങ്ങൾ സഹകരിച്ചില്ലെങ്കിലും ഞങ്ങൾ പാസ്സാക്കിക്കൊള്ളാം എന്ന വിചാരം കൊണ്ടാണോ? ഇവിടെ മന്ത്രി പറയുന്നതു പലതും കേൾക്കുമ്പോൾ സംശയം ചോദിക്കുവാൻ എനിക്കും തോന്നുന്നുണ്ട്. ജോർജ്ജ് എന്ന പേരിനോടുള്ള വെറുപ്പാണോ?

ശ്രീമതി കെ. ആർ. ഗൗരി: സാധാരണ പോയിന്റ് ഓഫ് ഓർഡർ സ്പീക്കറോടാണ് ചോദിക്കുന്നത്. ഇത് എന്നോടുള്ള ചോദ്യമാണ്. ശ്രീ. ജോർജ്ജിനെപ്പോലെ പ്രമുഖനായ അഭിഭാഷകനെന്നു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ശ്രീ. ജോർജ്ജിന്റെ വക്കീൽ പണിക്ക് എത്രമാത്രം പ്രാമുഖ്യം ഉണ്ടെന്ന് എനിക്കറിയുകയില്ല. ചോദ്യം ചോദിക്കുന്നതിന്റെ കാര്യമാണെങ്കിൽ ശ്രീ. മാണിയോടും ശ്രീ. ചന്ദ്രശേഖരൻ നായരോടും ശ്രീ. ജോർജ്ജിനോടുമെല്ലാം പറഞ്ഞിട്ടുണ്ട് സംശയങ്ങൾ അപ്പോഴപ്പോൾ എഴുതിവയ്ക്കാൻ, നിങ്ങൾ പ്രസംഗിക്കുമ്പോൾ എനിക്കും എന്തൊക്കെയോ ചോദിക്കണമെന്നു തോന്നാറുണ്ട്. എന്നിട്ടും ഞാൻ സഹിച്ച് കുത്തിയിരിക്കുകയാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഒരൊറ്റ മെമ്പറുടേയും ന്യായമായ സംശയങ്ങൾ തീർക്കരുതെന്നുള്ള അഭിപ്രായത്തിലല്ല ഞാൻ ഇതു പറയുന്നത്. ഈ നിയമം വേഗം പാസ്സാക്കാൻ വേണ്ടി ക്ഷമിച്ചിരിക്കുകയും സഹകരിക്കുകയും നിങ്ങളുടേതായ സംശയങ്ങൾ എല്ലാം എഴുതി വയ്ക്കുകയും അവസാനം മാത്രം ചോദിക്കുകയും ചെയ്താൽ ആ സംശയങ്ങൾക്ക് എന്നാൽ കഴിയുന്ന നിവാരണം വരുത്താം.

ശ്രീ. കെ. ടി. ജോർജ്ജ്: ഒരു ചോദ്യം ചോദിച്ചു കൊള്ളട്ടെ.

ശ്രീമതി കെ. ആർ. ഗൗരി : സർ, ശ്രീ. ജോർജ്ജിന് ഇത് മുന്നോട്ടു പോകരുതെന്നാണു ഉദ്ദേശമെന്നാണു ഞാൻ മനസ്സിലാക്കുന്നത്. എല്ലാ മെമ്പറൻമാരുടെയും സംശയത്തിന് നിവാരണം വരുത്താൻ എന്നാൽ കഴിയുന്ന വിധത്തിൽ ശ്രമിക്കുന്നതാണ്. ഞാൻ ഒരു പ്രമുഖയായ വക്കീലൊന്നുമല്ല. അതുകൊണ്ടാണ് എന്നാൽ കഴിയുന്ന വിധത്തിൽ സംശയ നിവാരണം വരുത്താമെന്നു പറഞ്ഞത്.

പിന്നെ ഒരു ഭേദഗതി ഞാൻ പറഞ്ഞത്, 'അഡ്ജോയിനിംഗ്' എന്നുള്ള വാക്കു മാറ്റി 'അപ്പർടനൻറ് ടു' എന്നാക്കണമെന്നാണ്. നേരത്തെ എഴുതിയിരുന്നത് 'അപ്പർടനൻറു ടു' എന്നായിരുന്നു. ഇതിന്റെ ലീഗൽ അർത്ഥം 'അപ്പർടെയിനിംഗ്' എന്നാണ്. ഈ വാക്ക് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ടാണ് അഡ്ജോയിനിംഗ് മതി എന്നു വച്ചത്. പല വാക്കുകളും നോക്കിക്കഴിഞ്ഞതിനുശേഷമാണ് ഏറ്റവും അപ്രോപ്രിയേറ്റായിട്ടുള്ള വാക്കു 'അഡ്ജോയിനിംഗ്' ആണെന്നു തോന്നിയതുകൊണ്ടാണ് ഈ വാക്ക് ചേർത്തത്. 'Adjoining' തൊട്ടുകിടക്കുന്നത് അതാണ് ഇതു മതിയെന്നു വച്ചത്. ഈ വിധത്തിൽ മാറ്റി എഴുതപ്പെട്ടത് വളരെക്കൂടുതൽ ആലോചിച്ചതിനുശേഷമാണ്. കുടികിടപ്പുകാരെ സംബന്ധിച്ച് ഇനിയും ലെജിസ്ലേഷൻ വേണ്ടിവരും. പക്ഷേ ഇന്നത്തെ നിലയിൽ ഒരേക്കറിൽ കൂടുതൽ വരുമാനമുള്ളവരുടെ മുഴുവൻ വരുമാനവും കണക്കാക്കിക്കൊണ്ടാണ് ബില്ലു കൊണ്ടുവന്നിട്ടുള്ളത്. ചെറുകിടക്കാരായി കണക്കാക്കിയിട്ടുള്ളത് 2 ഏക്കറിനു താഴേയുള്ള ആളുകളെ മാത്രമേയുള്ളു. 2 ഏക്കറിന് 20 സെൻറ് പർച്ചേസ് ചെയ്യാനുള്ള അധികാരം കൊടുക്കുന്നു. നമ്മുടെ നാട്ടിൽ എല്ലാ സ്ഥലത്തും ഇതുപോലുള്ള ഭൂമിയാണെന്നു കരുതേണ്ട. ചില പ്രത്യേക പ്രദേശങ്ങളിൽ ഇൻഡസ്ട്രിയൽ പ്രദേശം വന്നേക്കാം, കോസ്റ്റൽ ഏരിയാ വന്നേക്കാം ഇങ്ങനെയുള്ള സ്ഥലങ്ങളിലെല്ലാം മുഴുവൻ കുടികിടപ്പുകാരുടെ അവകാശങ്ങൾ സംരക്ഷിച്ചിട്ടുണ്ട്, 3 സെൻറുവന്നത് പർച്ചേസ് ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ട്. മൂന്നോ നാലോ പത്തോ ശതമാനം വരുന്ന കുടികിടപ്പുകാരെ സംബന്ധിച്ച് കെട്ടിടങ്ങൾ വലുതാക്കാനും മറ്റു വിധത്തിലുള്ള ഈസ്മെൻറ് റൈറ്റ്, തൊഴിൽശാലകളുണ്ടെങ്കിൽ അതുവച്ച് ജോലി ചെയ്യാൻ ഉള്ള അവകാശവും ഈ നിയമത്തിൽ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ചന്ദ്രശേഖരൻ നായരുടെ ഭേദഗതി പ്രസ്സു ചെയ്യരുതെന്നഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ ഭേദഗതി മുമ്പു പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

In clause 63 (in section 80C of the principal Act, proposed to be inserted by the clause) after sub-section (3), the following sub-section shall be inserted, namely:

" (3A) After the issue of the certificate of purchase in respect of any land under sub-section (3), the Land Tribunal may, on application by the kudikidappukaran, put him in possession of that land if need be by removing any person who refuses to vacate the same ' ഇത് സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. ഇതു അംഗീകരിച്ചുതരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ക്ലോസ് 63 (എ) വകുപ്പിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി എന്തായാലും ചില ആളുകൾക്ക് കുടികിടപ്പു റൈറ് പർച്ചേസു ചെയ്യാൻ സാധിക്കുകയില്ലെന്ന്. ഒരേക്കറിനുതാഴെ ജൻമാവകാശവും കൈവശാവകാശവുമുള്ള ഭൂവുടമയുടെ കീഴിൽതാമസിക്കുന്ന 5 കുടികിടപ്പുകാർ ഉണ്ടെന്നു വിചാരിക്കുക. അതിൽ ആർക്കായിരിക്കും നിയമപ്രകാരം കുടികിടപ്പ് പർച്ചേസ് ചെയ്യാൻ അധികാരമുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: അവർക്ക് ഓപറേറ് ചെയ്യാം. അവർ ഓപ്പറേറു ചെയ്യുന്നില്ലെങ്കിൽ ലാൻഡ് ട്രൈബ്യൂണലിന് സ്ഥിതിഗതികൾ നോക്കി പർച്ചേസു ചെയ്യാൻ അധികാരം കൊടുക്കാം. വില്ലേജാഫീസർ പോയി കൊടുക്കണമെന്നല്ല പറയുന്നത്. ലാൻഡ് ട്രൈബ്യൂണലിന് അധികാരം കൊടുത്തിരിക്കുകയാണ്. 3 സെൻറുവാങ്ങാൻ അവർക്ക് അവകാശം ഉണ്ടായിരിക്കും. ഒരാൾക്കു വാങ്ങാനുള്ള അവകാശമുണ്ടായിരിക്കുകയും മറ്റുള്ളവർക്ക്കുടികിടപ്പെന്നുള്ള നിലയിൽ മറ്റവകാശങ്ങളോടുകൂടിയ കുടികിടപ്പായി വരികയും ചെയ്യും.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഒരു അനാമലിയുണ്ടെന്നു തോന്നിയതുകൊണ്ട് ചോദിക്കുകയാണ്. എന്റെ സംശയം ഒരേക്കറിൽ താഴെയുള്ള ഭൂമിയുടെ ഉടമയുടെ കീഴിൽ താമസിക്കുന്ന രണ്ടു കുടികിടപ്പുകാർ ഉണ്ടെന്നു വിചാരിക്കുക. അവരെ സംബന്ധിച്ചിടത്തോളം ഭാഗിച്ചെടുക്കുന്നതിന് വ്യവസ്ഥ ഉൾക്കൊള്ളുന്നില്ല. 3, 5, 10 സെൻറ് എന്നു പറയുന്നത് കുടികിടപ്പുകാരന് പർച്ചേസ് ചെയ്യാൻ അവകാശമുണ്ട്. ഭാഗിച്ചെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ബി, സി, ഡി ഉപവകുപ്പുകളെ സംബന്ധിച്ചുമാത്രമാണ്. എ—ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം വെറും രണ്ടു കുടികിടപ്പുകാർ മാത്രമേയുള്ളുവെങ്കിൽപ്പോലും പഞ്ചായത്തിൽ 5 സെൻറുവീതം ഭാഗിച്ചെടുക്കാൻ നിയമപ്രകാരം വ്യവസ്ഥ കാണുന്നില്ല. തൊട്ടടുത്തു താമസിക്കുന്ന രണ്ടേക്കറിനു താഴെയുള്ള ആളുകൾ 3 സെൻറുവീതം ഭാഗിച്ച് എടുക്കുമ്പോൾ വ്യവസ്ഥയുടെ അപര്യാപ്തതമൂലം രണ്ടുപേർ താമസിക്കുന്നെങ്കിൽ രണ്ടുപേർക്കും ഭാഗിച്ചെടുക്കാൻ സാധിക്കുന്നില്ല. ഇതിൽ ഒരാൾ 10 സെൻറിന്റെ അവകാശിയായി മാറത്തക്കവിധത്തിലല്ലേ ഉള്ളത്. അങ്ങനെയൊരു പോരായ്മ വരുകയില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ വരുകയില്ല. സാധാരണനിലയിൽ മിനിമമായിട്ടു വരുന്ന അവസരത്തിൽ 3 സെൻറുവരെ വാങ്ങാൻ പറഞ്ഞിട്ടുണ്ട്. രണ്ടുപേരുണ്ടെങ്കിൽ അയ്യഞ്ചു സെൻറുവീതം വാങ്ങാം. അവർ ആപ്ലിക്കേഷൻ കൊടുക്കണം. രണ്ടുകൂട്ടരും അംഗീകരിക്കുന്നില്ലെങ്കിൽ പർച്ചേസു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: കുടികിടപ്പുകാരന്റെ വകുപ്പിൽ "..... the maximum extent of land which is liable to be purchased under this section shall be,—(a) where such person holds less than two acres of land, three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township." എന്നിങ്ങനെ വ്യക്തമായ വ്യവസ്ഥയുണ്ട്. കുടികിടപ്പുകാരന്റെ അവകാശത്തെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. He is entitled to purchase his kudikidappu. ഇതു പറഞ്ഞതിനുശേഷം 3 സെന്റുവീതം ഭാഗിച്ചെടുക്കാമെന്നു പറയുന്ന ഭാഗം ഈ വകുപ്പിൽ ഉൾക്കൊള്ളുന്നില്ല. 'Three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township.'

* * * * * *

Provided further that if in any case falling under clause (b) or clause (c) or clause (d), the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran. ബി, സി, ഡി, ഇ.—ഈ ഉപവകുപ്പുകളെ സംബന്ധിച്ചിടത്തോളം മാത്രമാണ് ഇതു തികഞ്ഞില്ലെങ്കിൽ 3 സെന്റ് ഭാഗിച്ചെടുക്കാമെന്നു പറഞ്ഞിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: അതിന് ഇതിന്റെ മുകളിലുള്ള പ്രൊവൈസൊ ഒന്നു വായിച്ചുനോക്കണം. Provided that the extent of land which a kudikidappukaran shall be entitled to purchase shall, on no case, exceed the extent specified in sub-section (3): എന്നേ പറഞ്ഞിട്ടുള്ളു. ഈ പ്രൊവൈസൊ എന്തിനാണെന്നുവച്ചാൽ 20 സെന്റ് 30 സെന്റ് എന്നൊക്കെ പറഞ്ഞിരിക്കുന്ന ആളുകൾക്ക് കുടികിടപ്പുകാർക്കെല്ലാംകൂടി 3 സെന്റിൽ കൂടുതൽ അവർ വാങ്ങുകയാണെങ്കിൽ അത് വിഷമമുണ്ടാക്കും. അങ്ങനെ വരുമ്പോൾ അത് എക്സീഡ് ചെയ്യണമെന്നു പറയുമ്പോൾ ലാൻസ് ട്രൈബ്യൂണലിനു തള്ളാം.

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ മനസ്സിലുള്ള കാര്യങ്ങൾ അതേപടി ഈ ഭേദഗതിയിൽ വന്നിട്ടില്ല. ക്ലോസ് 3-ൽ തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സബ് ക്ലോസ് 11 അനുസരിച്ച് 3 സെന്റേ കിട്ടുകയുള്ളു. 5 പേർ അപേക്ഷിച്ചാൽ ഓരോരുത്തർക്കും 3/5 സെന്റേ ആകുന്നുള്ളു. കുടിനിൽക്കാനുള്ള സൗകര്യം പോലുമില്ല.

ശ്രീ. കെ. എം. മാണി: എനിക്ക് സംശയം ഇതൊന്നുമല്ല. ഭരണഘടന 31 (എ) രണ്ടാമത്തെ പ്രൊവൈസൊയിൽ സീലിംഗിന്റെ ഉള്ളിലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഭൂവുടമക്ക് മുഴുവൻ പ്രതിഫലവും കൊടുക്കണമെന്നു പറഞ്ഞിരിക്കെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഭൂവുടമക്കു കൊടുക്കുന്ന നഷ്ടപരിഹാരം 25 ശതമാനം എന്നു നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് ഈ വകുപ്പ് ഇങ്ങനെ നിൽക്കുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്നുപരിശോധിക്കണം.

ശ്രീമതി കെ. ആർ. ഗൗരി : ആർട്ടിക്കിൾ 31 കാമ്പൻസേഷനുവേണ്ടിയുള്ള വകുപ്പാണ്. കേന്ദ്രത്തിൽ പൊന്നാൽ സെൻട്രൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം തരുമോ എന്നു സംശയമാണ്, അതുകൊണ്ട് മുഴുവൻ വിലയും കൊടുക്കുകയാണെങ്കിൽ മറ്റു സ്കീമുകളും നോക്കിയാൽമതി. ഇത് കാർഷിക പരിഷ്ക്കരണത്തിൽ കൊണ്ടുവരാനുള്ള ഉദ്ദേശം നിയന്ത്രണമായിട്ട് വില കുറയ്ക്കാനും കാമ്പൻസേഷൻ കുറയ്ക്കാനും അവകാശം കൊടുക്കാനാണ്. ഫുൾ കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നത് ആർട്ടിക്കിൾ 31-ലാണ്. 31 (൨) യിൽ അല്ല.

ശ്രീ. കെ. എം. മാണി: ആർട്ടിക്കിൾ 31-ൽ അല്ല. 31 A രണ്ടാം പ്രൊവൈസൊയിലാണ് പറയുന്നത്.

'Provided further that where any law makes any provision for the acquisition by the State of any estate and where any land comprised therein is held by a person under his personal cultivation, it shall not be lawful for the State to acquire any portion of such land as is within the ceiling limit applicable to him under any law for the time being in force or any building....., unless the law relating to the acquisition of such land, building or structure, provides for payment of compensation at a rate which shall not be less than the market value thereof.'

ശ്രീമതി കെ. ആർ. ഗൗരി: അതു വരുകയില്ല.

Deputy Speaker: Mr. Ahamed, do you press your amendment ?

ശ്രീ. ഇ. അഹമ്മദ്: എനിക്ക് മന്ത്രിയുടെ മറുപടി കേട്ടപ്പോൾ സംശയം തീർന്നു.

The amendments (No. 275 and 276) moved by Shri V. S. Achuthanandan were, by leave, withdrawn.

The Amendments (No. 329 and 330) moved by Shri E. Chandrasekharan Nair were, by leave, withdrawn.

The following amendments moved by Smt. K. R. Gouri, viz.

In clause 63,—

(1) in section 80A proposed to be inserted,—

(a) for the word "appurtenant", wherever it occurs, the word "adjoining" shall be substituted;

(b) in sub-section (2), for the words "tenant in possession", the word "tenant" shall be substituted and for the words "three years" the words "two years" shall be substituted;

(c) for sub-section (4), the following sub-section shall be substituted, namely:—

"(4) Notwithstanding anything contained in sub-section (3), where in the lands held by a person, either as owner or as tenant, there are more kudikidappukars than one, the maximum extent of land which is liable to be purchased under this section shall be—

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

(a) where such person holds less than one acre of land, three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township;

(b) where such person holds one acre or more, but less than two acres of land, six cents in a city or major municipality or ten cents in any other municipality or twenty cents in a panchayat area or township;

(c) where such person holds two acres or more, but less than three acres of land, nine cents in a city or major municipality or fifteen cents in any other municipality or thirty cents in a panchayat area or township;

(d) where such person holds three acres or more, but less than four acres of land, twelve cents in a city or major municipality or twenty cents in any other municipality or forty cents in a panchayat area or township;

(e) where such person holds four acres or more, but less than five acres of land, fifteen cents in a city or major municipality or twenty-five cents in any other municipality or fifty cents in a panchayat area or township:

Provided that the extent of land which a kudikidappukaran shall be entitled to purchase shall, in no case, exceed the extent specified in sub-section (3) :

Provided further that if in any case falling under clause (b) or clause (c) or clause (d) or clause (e), the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran";

(d) in sub-section (5), the words "in possession" shall be omitted;

(e) for sub-section (6), the following sub-section shall be substituted, namely:—

"(6) No kudikidappukaran shall be entitled to purchase any land which is not in the lawful possession of the person who holds the land in which the kudikidappu is situate or which is not within the boundaries of such land.";

(f) to sub-section (7), the following proviso and explanation shall be added, namely:—

"Provided that where the person in possession of the land in which the kudikidappu is situate or, where he is a member of a family, such family, holds lands in excess of the ceiling area, the purchase price payable by the kudikidappukaran shall be one-half of the purchase price payable under this sub-section.

LIBRARY ARCHIVES Kerala Legislative Assembly

Explanation.—The provisions of section 82 shall, so far as may be, apply to the calculation of the ceiling area for the purposes of the foregoing proviso, and if no date has been notified under sub-section (1) of section 83, the date of application under sub-section (1) of section 80B shall be deemed to be the date notified under sub-section (1) of section 83.";

(g) for sub-section (9), the following sub-section shall be substituted, namely:—

"(9) Where the kudikidappukaran applies under sub-section (1) of section 80B for purchase of his kudikidappu and the Land Tribunal, on application, within such time as may be prescribed, by the person in possession of the land in which the kudikidappu is situate, is satisfied that the portion to be purchased is so located as to cause inconvenience to him, the Land Tribunal may require the kudikidappukaran to purchase another portion of that land.";

(h) in sub-section (12), in clause (a), the words "in possession" is satisfied that the portion to be purchased is so located.

(2) in section 80B proposed to be substituted, in sub-section (1) for the word "appurtenant", the word "adjoining" shall be substituted.

2. In clause 63 [in section 80C(1) of the principal Act, proposed to be inserted by the clause] the words "allowing the application for purchase" between the words "section 80B" and "has become final" shall be deleted.

3. In clause 63 (in section 80C of the principal Act, proposed to be inserted by the clause) after sub-section (3), the following sub-section shall be inserted, namely:

"(3A) After the issue of the certificate of purchase in respect of any land under sub-section (3), the Land Tribunal may, on application by the kudikidappukaran, put him in possession of that land, if need be by removing any person who refuses to vacate the same."

were put and carried.

The question that clause 63, as amended, stands part of the Bill, was put and carried.

Clause 1

Shri P. S. Srinivasan: I move:

In clause 1, sub-clause (2) delete the proviso.

ഈ പ്രൊവൈസോ സർക്കാരിന് ഇഷ്ടമുള്ള അവസരത്തിൽ ഇഷ്ടമുള്ള വകുപ്പുകൾ നടപ്പാക്കാൻ കഴിയുമെന്നുള്ളതാണ്. ഈ നിയമം പാസ്സായിക്കഴിഞ്ഞ് ആക്റ്റായി നടപ്പിലാക്കുന്ന അവസരത്തിൽ എല്ലാ വകുപ്പുകളുടെയും പ്രയോജനം ആളുകൾക്കു കിട്ടാത്ത തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടാകരുത്. ഇതിനു മുമ്പ് നടപ്പിലാക്കിയ ആക്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Srinivasan]

പ്രധാനപ്പെട്ട പല വകുപ്പുകളും ഇപ്പോഴും പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടില്ല. ഇനിയും എന്തെങ്കിലും ബുദ്ധിമുട്ടുകൾ പറഞ്ഞ് പ്രധാനപ്പെട്ട വകുപ്പുകൾ നടപ്പാക്കാതെ പോകരുതെന്നുള്ള സദുദ്ദേശം കൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നത്. വളരെ പ്രയാസമുള്ള പല വകുപ്പുകളും ഇതിനകത്തുണ്ട്. ആ വകുപ്പുകൾ തന്നെ ആദ്യമായി നടപ്പിലാക്കണം, ഇതിന്റെ എല്ലാ പ്രയോജനങ്ങളും ജനങ്ങൾക്കു കിട്ടണമെന്നുള്ളതുകൊണ്ടാണ് ഈ പ്രൊവൈസൊ എടുത്തുകളയണമെന്നു പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ ഒരു ബുദ്ധിമുട്ടുണ്ട്. പട്ടാളക്കാരേയും മൈനറായ ആളുകളേയും സംബന്ധിച്ച്. പർച്ചേസ് ചെയ്യാനുള്ള അവകാശം കൺസിഡർ ചെയ്യുന്നത് ആപ്ലിക്കേഷൻ കൊടുത്തുകഴിഞ്ഞതിനുശേഷമാണ്. ആ വിധത്തിൽ നിൽക്കുന്നതുകൊണ്ട് എല്ലാ വകുപ്പുകളും ഒന്നിച്ചു നടപ്പിലാക്കണമെന്നു എഴുതിവെച്ചാൽ പ്രയാസമാണ്. അതു കൂടാതെ പഴയ നിയമത്തിലെ കുറെ വകുപ്പുകൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. അത് എങ്ങിനെ ബാധിക്കുമെന്നു നോക്കാതെ പറയാൻ സാധിക്കുകയില്ല. പ്രസിഡണ്ടിന്റെ അംഗീകാരം കിട്ടിയാലുടനെ ഇത് നോട്ടിഫൈ ചെയ്യാം. ഈ നിയമം എത്രയും വേഗം നടപ്പിലാക്കാനാവശ്യമായ വിധത്തിൽ സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് ഒട്ടും കാലതാമസമുണ്ടാകുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ പ്രൊവൈസൊ എടുത്തുകളയുന്നതുകൊണ്ട് വലിയ അപകടമൊന്നുമില്ല. ഈ പ്രൊവൈസൊ രണ്ടാമത് എഴുതിച്ചേർത്തതാണ്. പട്ടാളക്കാരേയും മൈനറുകളേയും സംബന്ധിച്ചിടത്തോളം ഈ ആക്റ്റ് നോട്ടിഫൈ ചെയ്തു പ്രാബല്യത്തിൽ വന്ന് ആറു മാസം കഴിഞ്ഞതിനുശേഷമേ പർച്ചേസിന്റെ കാര്യം വരുന്നുള്ളു. അതിനിടയിൽ രാഷ്ട്രീയമായ പല മാറ്റങ്ങളും വന്നുവെന്നു വരാം. ഗവൺമെന്റ് മാറിയെന്നു വരാം. അങ്ങനെ വരുമ്പോൾ ഈ നിയമം നടപ്പിലാക്കുന്നതിനു കാലതാമസം വരും. ഗവൺമെന്റിനു തോന്നുമ്പോൾ സെക്ഷൻ നോട്ടിഫൈ ചെയ്യാമെന്നു വന്നാൽ അപ്പോൾ നൂറായിരം തടസ്സങ്ങൾ വരും. റിക്കാർഡ്സ് ആഫ് റൈറ്റ്സ് നടപ്പിലാക്കണമെങ്കിൽ അതിന് പ്രത്യേക ഉദ്യോഗസ്ഥൻമാർ വേണം, അങ്ങനെ വരുമ്പോൾ ഫൈനാൻസിന്റെ ഒബ്ജക്ഷൻ വരും. അങ്ങിനെയുള്ള ഒബ്ജക്ഷൻസ് ശരിയാക്കിയെടുക്കുമ്പോൾ ഒരുപാടു താമസം വരും. അതുകൊണ്ട് ഈ ബില്ലിലെ വകുപ്പുകൾ എല്ലാം ഒന്നിച്ചു നടപ്പാക്കുന്നതിനുവേണ്ടി ഈ പ്രൊവൈസൊ എടുത്തുകളയുന്നതാണ് നല്ലത്.

ശ്രീമതി കെ. ആർ. ഗൗരി: ഇത് ഇന്ന ദിവസം നടപ്പിലാക്കണമെന്നു പറഞ്ഞാൽ വിഷമം വരും. ആറു മാസം കഴിഞ്ഞാലും നടപ്പിലാക്കാൻ സാധിക്കാത്ത ചില പ്രൊവിഷനുകൾ ഇതിനകത്തുണ്ട്. പട്ടാളക്കാർ പർച്ചേസ് ചെയ്യാൻ ആപ്ലിക്കേഷൻ കൊടുത്താൽ തടസ്സങ്ങളുണ്ടാകും. പിന്നെ വേറെ ഗവൺമെന്റ് വന്ന് തടസ്സമുണ്ടാക്കുമെന്നു പറഞ്ഞാൽ അവർക്ക് ഭേദഗതി ചെയ്തുകൂടെ? അതൊക്കെ ഓരോ ഗവൺമെന്റിന്റേയും ഇഷ്ടമനുസരിച്ചാണ് ചെയ്യുന്നത്. തടസ്സങ്ങൾ ശരിയാക്കാതെ കരിങ്കൽ കയറ്റിവെച്ചതുകൊണ്ട് കാര്യമില്ല. ഫൈനാൻസിന്റെ ഒബ്ജക്ഷൻ വരുമെന്നു പറഞ്ഞു. ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്തു അവതരിപ്പിക്കുമ്പോഴത്തന്നെ അതിനുവേണ്ടിവരുന്ന ചെലവിന്റെ കാര്യത്തെക്കുറിച്ചറിയുന്നതിന് ഫൈനാൻസിൽ പോകും. ഫൈനാൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറ് വെച്ചിരിക്കുന്നത് ഈ ജോലികളെല്ലാം നടത്താനാണ്. അവർ ആ ജോലി നടത്തിക്കൊള്ളും. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അതിൻറെ എല്ലാ വശവും നോക്കിയിട്ടില്ല. എല്ലാ വശവും നോക്കി എത്രയും വേഗംതന്നെ ഈ ബിൽ നടപ്പിലാക്കും.

The Amendment (No. 73), moved by Shri P. S. Srinivasan was, by leave, withdrawn.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

ശ്രീമതി കെ. ആർ. ഗൗരി: മൂന്നാംവായനയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇവിടെ അവതരിപ്പിച്ച ഭേദഗതികളിൽ ചിലതെല്ലാം അംഗീകരിച്ചിട്ടുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ ബില്ലിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ശ്രീ. പി. കെ. ഗോപാല കൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ ഇവരുടെ ഭേദഗതിയംഗീകരിച്ച് കാണത്തിൻറെ നിർവചനത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതുപോലെ ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടിൻറെ ഭേദഗതിയനുസരിച്ച് കാണം, കുഴിക്കാണം ഇവയുടെ നിർവചനത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പിന്നെ കുറെ വാചകത്തെറ്റുകൾ (patent errors) വന്നിട്ടുള്ളത് എല്ലാം തിരുത്തുവാൻ ഉണ്ട്. ഇതിന് അവകാശം തന്നുകൊണ്ട് ഇത് 3–ാം വായനയ്ക്ക് എടുക്കാൻ അനുവാദം തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാസ്സാക്കുന്നതു നാളെ ആകാം.

ശ്രീ. കെ. കരുണാകരൻ: അങ്ങിനെ അവകാശം കൊടുത്തുകൊണ്ട് ഈ ബിൽ ഇന്നു മൂന്നാം വായനക്ക് എടുക്കുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: ചില്ലറ വാചകപ്പിശകുകളും അക്ഷരപ്പിശകുകളും മാറ്റും തിരുത്തുന്നതിനുള്ള അധികാരം തരുന്നതുകൊണ്ടു കുറവില്ല. സാധാരണ ബില്ലുകൾ പാസ്സാക്കുന്നതിൽ അങ്ങനെ നടക്കുന്നുണ്ട്. ഇന്ന് ഇതിൻറെ മൂന്നാം വായന തുടങ്ങാം. പാസ്സാക്കുന്നതു നാളെ മതി.

ശ്രീ. കെ. കരുണാകരൻ: എഴുതി തന്നിട്ടുള്ള ധാരാളം ഭേദഗതികളുണ്ട്, അംഗീകരിച്ചിട്ടുള്ള ധാരാളം ഭേദഗതികളുണ്ട്. അതൊക്കെ എന്താണെന്നു നോക്കാതെ പ്രസംഗം തുടങ്ങണമെന്നു പറഞ്ഞാൽ വിഷമമാണ്. അതുകൊണ്ട് ഈ ബില്ലിൻറെ മൂന്നാം വായന നാളെ തുടങ്ങാം.

Smt. K. R. Gouri: Sir, I move that the Kerala Land Reforms (Amendment) Bill, 1968 be finally passed.

Shri P. K. Kunjachan: Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ക്ലറിക്കൽ മിസ്റ്റേക്കും മറ്റും വരുകയാണെങ്കിൽ അത് ഞങ്ങൾക്കുംകൂടി നോക്കാനുള്ള അവസരം കിട്ടണം. അതുകൊണ്ട് നാളെ തുടരാം.

[11 a.m.]

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചർച്ചക്കെടുത്തു കഴിഞ്ഞല്ലോ ?

ഡെപ്യൂട്ടി സ്പീക്കർ: റൂൾ ഇതാണ്:

(2) Where a bill has undergone amendments, any member may object to any motion being made, on the same day, that the Bill be passed, and such objections shall prevail, unless the Speaker in his discretion allows the motion to be made.

ആരെങ്കിലും എതിർത്താൽ പിന്നെ ചർച്ചയ്ക്കെടുക്കാൻ പാടില്ലെന്നാണ് പറയുന്നത്.

ശ്രീ. കെ. ടി. ജോർജ്: സർ, ഭേദഗതികൾ അവതരിപ്പിക്കാനും എല്ലാം കൂടി ഒന്നു വായിച്ചുനോക്കാനുമുള്ള അവസരം കിട്ടണം. പാസ്സാക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ട് നമുക്ക് നാളെ ഇതു പാസ്സാക്കാം.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയാണെങ്കിൽ നാളെ പാസ്സാക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പ്രസംഗിക്കുന്നവർ പ്രസംഗിച്ചുകൊള്ളട്ടെ.

ശ്രീ. കെ. കരുണാകരൻ: പ്രസംഗിക്കുമ്പോൾ വെറുതേ അങ്ങു പ്രസംഗിക്കുകയല്ല. പിശകുകൾ ചൂണ്ടിക്കാണിക്കാനുള്ള ചുമതല ഈ സഭയിലെ അംഗങ്ങൾക്കുമില്ലേ; മന്ത്രിക്കു മാത്രമല്ലല്ലോ. അതുകൊണ്ട് അതിനുള്ള സാവകാശം കിട്ടണം.

Deputy Speaker: We will proceed with this Bill tomorrow. The Hon. Revenue Minister may now move that the Kerala Agriculturist Debt Relief Bill be taken into consideration.

(ii) THE KERALA AGRICULTURISTS DEBT RELIEF BILL, 1968

Revenue Minister **(Smt. K. R. Gouri)**: I move that the Kerala Agriculturists Debt Relief Bill, 1968, as reported by the Select Committee be taken into consideration.

എല്ലാവരും യോജിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടാണിത്. നാലു പ്രാവശ്യം സെലക്ട് കമ്മിറ്റി കൂടി.

ശ്രീ. കെ. കരുണാകരൻ: അതൊക്കെ റിപ്പോർട്ടിലുണ്ടല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ഈ ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതിന്റെ ചർച്ചയ്ക്കു തയ്യാറാണെന്നു തോന്നുന്നില്ല. യൂനാനിമസ്സായി

LIBRARY ARCHIVES Kerala Legislative Assembly